www.malankaralibrary.com

Vol. 47, Issue 03, March 2025 Date of Publication : 15 March 2025
Place of Publication : Ernakulam. RNI No. KER/MAL/29523/78

കാലിക

A JOURNAL FOR ADULT CATECHESIS



www.malankaralibrary.com



പിഒസിയിൽ പുതുതായി ആരംഭിക്കുന്ന കോഴ്സുകൾ

I. പാസ്റ്ററൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്

1. ഏകവർഷ തിയോളജി / മിഷൻ കോഴ്സ്
   വിറ്റ്നസ്സസ് ഓഫ് മേഴ്സി
   (2025 – ജൂൺ മുതൽ 2026 മാർച്ച് വരെ)
2. ഡിപ്ലോമ – സൈക്കോളജി &
   കൗൺസിലിംഗ്
   (2025 – ജൂൺ മുതൽ 2026 മെയ് വരെ
   ഫോൺ : 9447441109, 8113876979

II ബൈബിൾ കോഴ്സ്

1. ബൈബിൾ പഠന ക്ലാസ്സ്
   (എല്ലാ ബുധനാഴ്ചകളിൽ
   വൈകുന്നേരം 5.30 ന്)
2. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്
   ഫോൺ : 9086291213
3. ബൈബിൾ സെർട്ടിഫിക്കറ്റ് കോഴ്സ്
   ബൈബിൾ സ്പിരിചാലിറ്റി കോഴ്സ്
   ഫോൺ : 9086291213

PASTORAL ORIENTATION CENTRE (P O C) PALARIVATTOM, KOCHI - 682025



PASTORAL ORIENTATION CENTRE,
SECRETARIAT, KERALA CATHOLIC BISHOPS' COUNCIL,
PALARIVATTOM, KOCHI - 682 025.

www.malankaralibrary.com

താളുകളിലൂടെ.....

	എഡിറ്റോറിയൽ	5 - 6
1.	ഉത്ഥാന ചിന്തകൾ **ഫാ. ഡോ. സക്കറിയാസ് പറനിലം**	7 - 11
2.	ഉയിർപ്പ് : സ്ത്രീകളുടെ കഥ **ഫാ. ഡോ. ജേക്കബ് പ്രസാദ്**	12 - 19
3.	യേശുവിന്റെ മരുഭൂ - അനുഭവം എന്റെ ജീവിതത്തിൽ **ഫാ. ചാക്കോ നരിമറ്റത്തിൽ**	20 - 24
4	പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2025 - ലെ നോമ്പുകാല സന്ദേശം പ്രത്യാശയിൽ നമുക്കൊരുമിച്ചു യാത്രചെയ്യാം	25 - 29
5.	യേശുവിന്റെ പ്രാർഥനകൾ : **ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി**	30 - 32
6.	കർത്താവേ, ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക **ബ്രദർ തോമസ് പോൾ കൊടിയൻ**	33 - 40
7.	പാപസർപ്പശിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ **എം. കോഴിമണ്ണിൽ**	41 - 42
8.	തിരുവുത്ഥാനം **ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി**	43
9.	ബൈബിൾ ചെറുകഥ രുചിക്കൂട്ട് - **ബ്ര. എബിൻ വടവാതൂർ, സെമിനാരി**	44 - 53
10.	കവിത - **അമ്പിളി പീറ്റർ**	54 - 55
11	ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ	56 - 62
12.	വാർത്തകൾ	63 - 65
13.	സമീക്ഷകൻ **ആന്റണി ചടയംമുറി**	66

www.malankaralibrary.com

Talent Magazine

MONTHLY

A Journal For
Adult Catechesis
From The Secretariat
of KCBC, POC.

Volume : 47, Issue No. 03
March 2025

Place of Publication : Ernakulam
RNI No. KER/MAL/29523/78

Chief Editor	:	Rev. Fr. Tony Kozhimannil
Managing Editor	:	Rev. Fr. Thomas Tharayil
Associate Editor	:	Rev. Dr. Michael Pulickal CMI
Editorial Board	:	Rev. Fr. Sebastian Milton Kalappurackal
		Rev. Fr. Klettus Kathirparambil
		Rev. Dr. Joju Kokkatt
		Dr. K.M. Francis
		Mr. Joy Gothuruth
		Chev. Dr. Premus Perinchery
		Dr. Nycil Romis Thomas
Circulation Manager	:	Sr. Solly Chacko DCPB
Design & Layout	:	Mrs. Mary Ambily Jose

Talent Publication Society
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, Email : thalenthu@gmail.com

www.malankaralibrary.com

ഉയിർപ്പിന്റെ മഹിമയിൽ





ഫാ. ടോണി കോഴിമണ്ണിൽ
ചീഫ് എഡിറ്റർ

പ്രത്യാശയുടെ സന്ദേശവുമായി വീണ്ടും ഒരു ഉയിർപ്പ് തിരുനാൾ വരുന്നു. തിന്മയുടെ മേൽ നന്മയ്ക്ക് അത്യന്തിക വിജയമുണ്ടാകുമെന്ന് ഉയിർപ്പ് ഓർമ്മിപ്പിക്കുന്നു. ക്രിസ്തുശിഷ്യരുടെ സുവിശേഷ പ്രഘോഷണത്തിന്റെ കേന്ദ്രപ്രമേയം 'യേശു ഉത്ഥാനം ചെയ്തിരിക്കുന്നു'. എന്നതായിരുന്നു. ഇനിമേൽ ആരും അവനെ തേടി കല്ലറയിലേക്ക് പോകേണ്ടതില്ല. അവൻ ജീവിച്ചിരിക്കുന്നു. ജീവിക്കുന്നവരുടെ ഇടയിൽ.

ഉത്ഥാനത്തിന്റെ സന്തോഷം പേറുന്ന ഉത്ഥിത സമൂഹമായിരിക്കണം ക്രൈസ്തവജനത. മരണത്തിനപ്പുറമുള്ള ഒരു ലോകത്തിൽ എത്തി നിൽക്കുന്നതായിരിക്കണം നമ്മുടെ ജീവിതദർശനം. നമുക്ക് ഇവിടെ നിൽക്കുന്ന

www.malankaralibrary.com

നഗരമില്ല. വരാനിരിക്കുന്ന നഗരത്തെ അന്വേഷിക്കുന്നവരാണു നമ്മൾ (ഹെബ്രാ: 13,14).

തീർത്ഥാടക സ്വഭാവമുള്ള നമുക്ക് എല്ലാ പ്രവർത്തനങ്ങളിലും ഉത്ഥിതന്റെ മഹിമയും ഉത്ഥാനത്തിന്റെ പ്രത്യാശയുമുണ്ടോ? നമ്മുടെ ചില നീക്കങ്ങളും തീരുമാനങ്ങളും പ്രവർത്തനശൈലികളും കാണുമ്പോൾ മരണമില്ലാത്ത ഒരു ലോകത്തെ മുന്നിൽ കണ്ടുകൊണ്ടല്ലെ നാം യാത്ര ചെയ്യുന്നതെന്ന് സംശയിച്ചുപോകും. ദൈവത്തിന്റെ പറമ്പിലെ കുടികിടപ്പുകാരാണ് തങ്ങളെന്ന അവബോധം മനസ്സിൽ നിന്ന് ഊർന്നു പോയപ്പോഴാണ് ഇസ്രായേൽ ജനം ദൈവത്തെ മറന്നത്. ഇത് ഇന്ന് ആവർത്തിക്കപ്പെടുന്നു. ലൗകികതയുടെയും ഭൗതികതയുടെയും പേരിൽ ജീവിതം ആസ്വദിക്കാനും ഭാവി ജീവിതത്തെകുറിച്ച് പ്രത്യാശയില്ലാതെ ദുശ്ശീലങ്ങൾക്ക് അടിമപ്പെടുമ്പോൾ ഉത്ഥിതന്റെ പ്രത്യാശ നമുക്ക് ബലമേകും. ഉത്ഥിതനെ ജീവിക്കുന്നവരുടെയിടയിൽ നാം തേടണം. നിരാലംബരിലും, വേദന അനുഭവിക്കുന്നവരിലും, നിസ്സഹായരിലുമെല്ലാം ഉത്ഥിതന്റെ മുഖം അന്വേഷിക്കണം. നമ്മുടെ സാന്നിധ്യവും സാമിപ്യവും ആവശ്യമുള്ളവരുടെ അടുത്തേക്ക് ഓടിയെത്തുമ്പോഴാണ് ശൂന്യമായ കല്ലറകൾ വിട്ടൊഴിഞ്ഞ് ദൈവത്തിന്റെ മഹത്വം ദർശിക്കാവുന്ന പുലരിയിലേക്ക്, മറിയത്തെപ്പോലെ നമുക്കും കടന്നുചെല്ലാൻ കഴിയുക.

ഉയിർപ്പിന്റെ മഹിമയിൽ നമുക്ക് പ്രത്യാശ കണ്ടെത്താം. എല്ലാ വായനക്കാർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ ഹൃദയപൂർവം നേരുന്നു.

*

www.malankaralibrary.com

ഉത്ഥാന ചിന്തകൾ



ഫാ. ഡോ. സക്കറിയാസ് പറനിലം

കുറെ കൊല്ലങ്ങൾക്കു മുമ്പ് ഇറങ്ങിയ ഒരു അമേരിക്കൻ സിനിമയാണ്, "The World in Darkness". പ്രധാന കഥാപാത്രം ഒരു ഭൂഗർഭ ശാസ്ത്രജ്ഞനാണ്; കാൽവരി കേന്ദ്രീകരിച്ച് ഗവേഷണം നടത്തിക്കൊണ്ടിരുന്ന അദ്ദേഹം ഒരു പ്രഖ്യാപനം നടത്തി: "കർത്താവിനെ സംസ്ക്കരിച്ചിരുന്ന കല്ലറ ഞാൻ കണ്ടെത്തി, പഴക്കം കൊണ്ട് കറുത്ത് ചെറുതായ ഒരു ശവശരീരം അതിൽ ഉണ്ടായിരുന്നു." ഈ പ്രഖ്യാപനത്തിന്റെ പ്രത്യാഘാതങ്ങളുടെ നാടകീയമായ അവതരണമാണ് ബാക്കി സിനിമ. ഉയിർപ്പിനെക്കുറിച്ചുള്ള ധാരണകളുടെ വൈകല്യങ്ങളും, ഉയിർപ്പിന്റെ സത്യം നിഷേധിക്കപ്പെട്ടാൽ ഉണ്ടാകുന്ന വിശ്വാസപ്രശ്നങ്ങളും ലോകത്തെ പ്രകമ്പനം കൊള്ളിക്കും. സിനിമയുടെ അവസാനമാകുമ്പോൾ മരണക്കിടക്കയിലായിരുന്ന ഭൂഗർഭ ശാസ്ത്രജ്ഞൻ വെളിപ്പെടുത്തി : കല്ലറ വാസ്തവത്തിൽ ശൂന്യമായിരുന്നു! ഈസ്റ്റർ പ്രഭാതത്തിൽ സംഭവിച്ചതിനെപ്പറ്റിയുള്ള അറിവിന്റെ നിർണ്ണായക പ്രാധാന്യം വ്യക്തമാക്കുന്നു, സിനിമ.

ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ക്രൈസ്തവ വിശ്വാസം വ്യർത്ഥവും നിഷ്ഫലവും ക്രൈസ്തവ സാക്ഷ്യം കാപട്യവുമാണ് (1 കോറി. 15:14-17). ഉയിർപ്പ് സുവിശേഷത്തിന്റെ മുഖ്യഘടകമാകുന്നു (അപ്പ. പ്ര. 2:22-35). ശൂന്യമായ കല്ലറയും ഉത്ഥിതന്റെ പ്രത്യക്ഷീകരണങ്ങളും നല്കുന്ന സൂചനകളും സാക്ഷ്യങ്ങളും ഉത്ഥാനവിശ്വാസത്തിന്റെ പാരമ്പര്യം സഭയിൽ ഉറപ്പിച്ചു.

1. യേശു ജനപ്രവാഹത്തിൽ

ഏതാനും വർഷം മുമ്പ് കണ്ട ഒരു മിശിഹാചരിത്ര സിനിമ ഓർ

www.malankaralibrary.com

ക്കുന്നു. കുരിശുമരണവും സംസ്കാരവും കഴിഞ്ഞ് മൂന്നാം നാൾ മുതൽ ജനപ്രവാഹത്തിന്റെ മധ്യത്തിലായി യേശു മുന്നോട്ട് പോകുന്നു. സംസാരിച്ചും ചിരിച്ചും ജനങ്ങളോടൊത്ത് ചടുലമായി നീങ്ങുന്ന യേശു. ഉയിർപ്പിനേയും അതിനുശേഷമുള്ള യേശു സാന്നിധ്യത്തേയും അവിടുത്തെ തുടർ ദൗത്യത്തെക്കുറിച്ചുമുള്ള സവിശേഷ കാഴ്ചപ്പാടാകണം ഈ സിനിമാവതരണത്തിന്റെ പിന്നിൽ. ചരിത്രത്തിൽ യേശു എന്ന വ്യക്തിക്കും അവിടുത്തെ ആദർശനത്തിനും മരണമില്ല.

ഉയിർപ്പു തിരുനാളിന്, രാത്രിയിൽ യേശുവിന്റെ തിരുവുത്ഥാനം ക്രൈസ്തവ ദേവാലയങ്ങളിൽ നാടകീയമായി അവതരിപ്പിക്കുന്നു. രാത്രിയിലെ കർമ്മങ്ങൾക്ക് തന്നെ പള്ളിയിൽ പോകാൻ കുട്ടികൾ കൂടുതൽ താല്പര്യമെടുക്കുന്നത് ഉയിർപ്പവതരണം കാണാൻ കൂടിയാണ്. പാറപിളർന്ന് ഉയിർപ്പു രൂപം പൊങ്ങിവരും, പടക്കവും ദീപാലങ്കാരങ്ങളും ഗാനങ്ങളും അകമ്പടി സേവിക്കും. ഉയിർപ്പിനെ സർവ്വോപരി ഒരു ശാരീരിക സംഭവമായി കാണാനാണ് ഇതൊക്കെ സഹായിക്കുക. എന്നാൽ തിരുക്കർമ്മങ്ങളും, വചനവായനയും പ്രത്യേകപ്രാർത്ഥനകളും ശ്രദ്ധിക്കുമ്പോൾ ഉയിർപ്പിന്റെ നന്മകളും അർത്ഥവും ആഴവും കൂടുതലായി വ്യക്തമാകും.

2. ഉയിർപ്പിന്റെ അർത്ഥം

എന്താണ് യേശുവിന്റെ ഉയിർപ്പ് അർത്ഥമാക്കുന്നത്? മരിച്ചവരുടെ ഉയിർപ്പ് രണ്ടു തരത്തിലാകാം. മരിക്കുന്നതിനു മുമ്പത്തെ അവസ്ഥയുടെ പുനരുദ്ധാരണമാണ് ഒന്ന്. ജായ്റോസിന്റെ മകളും (മത്താ. 9: 18-26), നായിമിലെ വിധവയുടെ മകനും (ലൂക്ക 7: 11-17), ലാസറസ്സും (യോഹ. 11:1-44) ഇത്തരത്തിൽ യേശുവിലൂടെ പുനർജീവൻ പ്രാപിച്ച (Resuscitation) വരാണ്. ഇവർ പൂർവ്വാവസ്ഥയിലേക്ക് ഉയിർപ്പിക്കപ്പെട്ടു. എന്നാൽ മറ്റുള്ളവരെപ്പോ



www.malankaralibrary.com

ലെ പിന്നീട് സാധാരണ രീതിയിൽ ജീവിച്ച് മരണം വരിക്കുന്നു.

യേശുവിന്റെ ഉയിർപ്പ് ഭൂമിയിലെ തന്റെ പൂർവ്വജീവിതത്തിലേക്കുള്ള തിരിച്ചു വരവല്ല. യേശുവിന് ഉത്ഥാനശേഷം മരണമില്ല. മനുഷ്യ രക്ഷയ്ക്കുവേണ്ടിയുള്ള മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, തുടങ്ങിയ പെസഹാരഹസ്യങ്ങളുടെ (Paschal Mystery) ഭാഗമായി വേണം അതിനെ കാണാൻ.

3. ചരിത്രപരവും ചരിത്രാതീതവും

ഉയിർപ്പ് അനിഷേധ്യമായ യാഥാർത്ഥ്യമാണ്. അതിന് അനേകം സാക്ഷ്യങ്ങളുണ്ട്; എന്നാൽ സാധാരണ രീതിയിലുള്ള ചരിത്രസംഭവമല്ല. അപ്പസ്തോലന്മാർ തന്നെ അസംഭാവ്യമായിട്ടാണല്ലോ ഉത്ഥാനത്തെ ആദ്യം കണ്ടത്. കബറിടത്തിൽ നിന്ന് വരുന്ന ഭക്തസ്ത്രീകളുടെ ഉയിർപ്പ്സാക്ഷ്യം 'വെറും കെട്ടുകഥ'യായി അവർ കരുതി (ലൂക്ക 24:11); ശിഷ്യന്മാരുടെ പിന്നിടുണ്ടായ ഉത്ഥാന വിശ്വാസം ദൈവിക കൃപയുടെ പ്രവർത്തനത്താൽ, ഉത്ഥിതനായ യേശു എന്ന യാഥാർത്ഥ്യത്തെ നേരിട്ട് അനുഭവിച്ചതിലൂടെ ഉരുത്തിരിഞ്ഞതാണ് (CCC 643). 'ഉത്ഥാന സംഭവത്തിന് ആരും ദൃക്സാക്ഷിയായിരുന്നില്ല. ശാരീരികമായി അത് എങ്ങനെ സംഭവിച്ചുവെന്ന് ആർക്കും പറയുവാൻ സാധിക്കുകയില്ല (CCC 647). യേശുവിന്റെ ഉത്ഥാനം ചരിത്രപര (historical) മെന്നതിനെക്കാൾ ചരിത്രാതീത യാഥാർത്ഥ്യമെന്ന് (Transcendental event) വിശേഷിപ്പിക്കപ്പെടണം. ഭൗതിക രീതിയിലുള്ള നിരീക്ഷണ പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെടാവുന്ന ഗതകാല കാര്യങ്ങളാണ് ചരിത്രമായി കണക്കാക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് ഉത്ഥാനം പ്രധാനമായും ചരിത്രാതീതമാകുന്നത്. ഉത്ഥാനത്തിന് സാക്ഷ്യം നല്കുന്നവരുടെ ചരിത്രപരതയുടെ അടിസ്ഥാന



www.malankaralibrary.com

ത്തിൽ മാത്രമാണെങ്കിൽ ചരിത്ര സംഭവമായിട്ടും വിശേഷിപ്പിക്കാ വുന്നതാണ് (CCC 648).

യേശുവിന്റെ പെസഹാരഹസ്യ ത്തിന്റെ (Paschal Mystery) ഭാഗമായ ഉത്ഥാനം നമ്മുടെ നീതികരണ (Justification) വുമായി ബന്ധപ്പെട്ട താണ്. യേശുവിന്റെ ഉത്ഥാനം വഴി പുതിയൊരു ജീവിതത്തിലേക്കുള്ള മാർഗം നമുക്കായി ദൈവം തുറ ന്നു തരുന്നു. ഈ നവജീവിതം സർവ്വോപരി നമ്മെ ദൈവവരപ്ര സാദത്തിൽ പുനഃപ്രതിഷ്ഠിക്കുന്ന നീതീകരണമാണ് (CCC 654).

4. ഉത്ഥാന ചൈതന്യം

യേശുവിന്റെ ഉത്ഥാനത്തെ ഒരി ക്കൽ നടന്ന ഒരു സംഭവമായി മാത്രമല്ല കാണേണ്ടത്. ദൈവ ശാസ്ത്രജ്ഞനായ കാൾ റാനർ ഉത്ഥാനത്തെ ഇങ്ങിനെ വ്യാഖ്യാ നിക്കുന്നു: 'സ്വാതന്ത്ര്യത്തിന്റെയും അനുസരണത്തിന്റെയും പ്രത്യേക മുദ്രയുള്ളതാണ് യേശുവിന്റെ മരണം. ഈ തനിമകളിലൂടെയും ഏകവും അദ്വിതീയവുമായ തന്റെ ജീവിതത്തിന്റെ സ്ഥിരവും, രക്ഷി ക്കപ്പെട്ടതും, അന്തിമവും, മാറ്റ മില്ലാത്തതുമായ പ്രത്യേകതകളി ലൂടെയും നേടിയ പ്രാമാണികത (Validity)യാണ് ഉത്ഥാനം അർത്ഥ മാക്കുന്നത്." (Resurrection "means rather and precisely the permanent redeemed, final and definitive validity of the single and unique life of Jesus who achieved this.... precisely through his death in freedom and obedience". Karl Rahner, *Foundations of Christian Faith, Cross road N.Y. 1978, P. 266-268)".*

5. ഉത്ഥാനവും മതസൗഹാർദ്ദവും

രണ്ടാം വത്തിക്കാൻ കൗൺസിലി ന്റെ കാഴ്ചപ്പാടിൽ പെസഹാരഹ സ്യങ്ങളുടെ ഫലം മതഭേദമെന്യേ മനുഷ്യസമൂഹത്തിന് മുഴുവൻ ലഭി ക്കുന്നുണ്ട്. ഉയിർപ്പ് യേശുവിന്റെ മരണവും സ്വർഗ്ഗാരോഹണവും പോലെ പെസഹാരഹസ്യമാണല്ലോ.

"ഉയിർപ്പിലേക്ക് കുതിക്കുവാൻ... ഹൃദയത്തിൽ പ്രസാദവരം അദൃ ശ്യമാംവിധം പ്രവർത്തിക്കുന്ന സന്മ നസ്സുള്ള എല്ലാ മനുഷ്യർക്കും പരി ശുദ്ധാത്മാവ് കഴിവു നല്കുന്നു" (G.S. 22).

6. ജീവിതലക്ഷ്യവും ഉയിർപ്പും

മനുഷ്യസമൂഹത്തിന് ക്രിസ്തുവി ന്റെ ഉത്ഥാനത്തിന്റെ മൂല്യം പരി

www.malankaralibrary.com

ഗണിക്കുമ്പോഴാണ് ഈസ്റ്റർ ആഘോഷത്തിന്റെ പ്രസക്തിയും പ്രാധാന്യവും വ്യക്തമാവുക. യേശു തന്റെ ഉയിർപ്പിനുശേഷം ശിഷ്യന്മാരെ 'സഹോദരന്മാർ' ആയിട്ടാണ് പരിഗണിക്കുന്നത് (മത്താ. 28:10). പൗലോസ് ശ്ലീഹായ്ക്ക് യേശുവിന്റെ ഉയിർപ്പ് "ആദ്യഫല"മാണ് (1 കോറി. 15:20-22). വിളഞ്ഞുവരുന്ന നെൽച്ചെടികളുടെ പാടത്ത് ആദ്യം കാണുന്ന കതിര് തുടർന്നുവരുന്ന കതിരുകളുടെ ഉറപ്പുള്ള പ്രതീക്ഷ തരുന്നു. ഉത്ഥിതരാകുന്ന വിശ്വാസികളാണ് തുടർഫലങ്ങൾ. ഇപ്രകാരം യേശുവിന്റെ ഉയിർപ്പ്, വിശ്വസിക്കുന്ന എല്ലാ മനുഷ്യരുടെയും ഉയിർപ്പിന്റെ നാന്ദി കുറിക്കുന്നു (L.G.7). 'ആദത്തിൽ എല്ലാവരും മരണാധീനരായതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും' (1 കോറി 15:12). യേശുവിൽ വിശ്വസിക്കുന്നവർ 'ഇനി തങ്ങൾക്കുവേണ്ടിത്തന്നെ ജീവിക്കാതെ തങ്ങളെ പ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി' ജീവിതത്തെ ദൈവിക ജീവനുമായി ബന്ധിക്കുന്നു (1 കോറി 5:15).

യേശുവിന്റെ ഉയിർപ്പിലും, വിശ്വാസിയുടെ ഉയിർപ്പിലും, വിശ്വസിക്കുന്നവരുടെ ജീവിതം പ്രത്യാശാപൂർണ്ണമായ ലക്ഷ്യം കണ്ടെത്തുന്നു. മരണാന്തരജീവിതം ഉറപ്പാണെന്നും അതിനനുസൃതമായ ധാർമ്മികജീവിതം അനുപേക്ഷണീയമാണെന്നും ബോധ്യപ്പെടും. സുഖസിദ്ധാന്തവാദം (Hedonism) പോലുള്ള സമീപനങ്ങളുടെ സ്ഥാനത്ത് ധാർമ്മികത കടന്നുവരും. ഇത് ജീവിതത്തിന്റെ ശരിയായ വിജയവും സന്തോഷവും ഈ ലോക ജീവിത കാലത്ത് തന്നെ നല്കിത്തുടങ്ങും. യേശുവിന്റെ ഉത്ഥാനം, ആദ്യഫലമെന്നരീതിയിൽ, യേശുവിനെപ്പോലെ, യേശുവിന്റെ ചൈതന്യവും പ്രബോധനവുമനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്നവരുടെയെല്ലാം ഉത്ഥാനം ഉറപ്പാക്കുന്നു (റോമ. 6:4-5). ഭൗമിക ജീവിത കാലത്തുതന്നെ ആരംഭിക്കുന്ന ഉത്ഥാന മഹത്വം മരണാന്തരം അതിന്റെ പൂർണ്ണത കണ്ടെത്തും. ഇതിനായി ഉത്ഥാന ചൈതന്യം കൊണ്ട് നമ്മെ നിറയ്ക്കാം. ദൈവഹിതം അന്വേഷിക്കുകയും അനുവർത്തിക്കുകയും ചെയ്യാം. സ്വാതന്ത്ര്യത്തിന്റെയും അനുസരണത്തിന്റെയും ക്രിസ്തുമാതൃക പിന്തുടരാം. ഈസ്റ്റർ മംഗളങ്ങൾ.

*

www.malankaralibrary.com

ലേഖനം

ഉയിർപ്പ് : സ്ത്രീകളുടെ കഥ



ഫാ. ഡോ. ജേക്കബ് പ്രസാദ്

യേശുവിന്റെ ഉത്ഥാനത്തെ സംബന്ധിച്ച് പുതിയനിയമം നൽകുന്നത് രണ്ടു തെളിവുകളാണ്: ഒന്ന്, ശൂന്യമായ കല്ലറ, രണ്ട്, യേശുവിന്റെ പ്രത്യക്ഷങ്ങൾ. നാലു സുവിശേഷങ്ങളിലും ശൂന്യമായ കല്ലറയുടെ പ്രഥമ സാക്ഷികൾ സ്ത്രീകളാണ്. ഉത്ഥിതനായ യേശു ആദ്യം പ്രത്യക്ഷപ്പെട്ടത് മത്തായിയുടെ സുവിശേഷപ്രകാരം മഗ്ദലേനമറിയത്തിനും മറ്റൊരു മറിയത്തിനും (മത്ത 28: 1-10) ആണ്; നാലാം സുവിശേഷപ്രകാരം മഗ്ദലേനമറിയത്തിനു മാത്രം (യോഹ 20:11-18).

സ്നേഹത്തിന്റെ കഥ

സുവിശേഷങ്ങൾ നൽകുന്ന വിവരണപ്രകാരം യേശുവിന്റെ മരണത്തിന്റെ സാക്ഷികൾ സ്ത്രീകൾ ആയിരുന്നു. നാലാം സുവിശേഷത്തിൽ അവരോടൊപ്പം പ്രേഷ്ഠ ശിഷ്യനും ഉണ്ടായിരുന്നു (യോഹ 19:25-27). നാല് സുവിശേഷങ്ങളുടെയും സാക്ഷ്യപ്രകാരം യേശുവിനെ ബന്ധിച്ചു കൊണ്ടുപോയപ്പോൾ പുരുഷന്മാരായ ശിഷ്യർ എല്ലാവരും യേശുവിനെ വിട്ടു പോയിരുന്നു (മർക്കോ 14:50-52; മത്താ 26:56). പത്രോസ് മാത്രം പ്രധാന പുരോഹിതന്റെ അരമന വരെ യേശുവിന്റെ പിന്നാലെ പോയിരുന്നു; പ്രേഷ്ഠശിഷ്യനും പത്രോസിന്റെ കൂടെ ഉണ്ടായിരുന്നു (യോഹ 18: 15-27 കാണുക). യഥാർഥത്തിൽ യേശുവിന്റെ മരണത്തി



www.malankaralibrary.com

ന്റെയും സംസ്കാരത്തിന്റെയും സാക്ഷികൾ സ്ത്രീകളായ ശിഷ്യരായിരുന്നു. സമഗ്രീക്ഷണ സുവിശേഷങ്ങൾ അത് വ്യക്തമായി പറയുന്നു. മർക്കോസിന്റെ ചിത്രീകരണ പ്രകാരം യേശുവിന്റെ മരണത്തിനു സാക്ഷിയായ ശതാധിപൻ പറഞ്ഞു: 'സത്യമായും ഈ മനുഷ്യൻ ദൈവ പുത്രൻആയിരുന്നു' (മർക്കോ15:39). അതിനെതുടർന്ന്, മർക്കോസ് എഴുതുന്നു: 'ഇതെല്ലാം കണ്ടുകൊണ്ട് ദൂരെ കുറെ സ്ത്രീകളുമുണ്ടായിരുന്നു. മഗ്ദലേനമറിയവും യോസെയുടെയും ചെറിയ യാക്കോബിന്റെയും അമ്മയായ മറിയവും സലോമിയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഗലീലിയിലായിരുന്നപ്പോൾ അവനെ അനുഗമിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തവരാണ് ഇവർ. കൂടാതെ, അവനോടുകൂടെ ജറുസലേമിലേക്കുവന്ന അനവധി സ്ത്രീകളും അവിടെയുണ്ടായിരുന്നു (മർക്കോ 15:40–41). ഈ സുവിശേഷ പ്രകാരം പ്രസ്തുത സ്ത്രീകൾ യേശുവിന്റെ സംസ്കാരവും കണ്ടു: 'അവനെ സംസ്കരിച്ച സ്ഥലം മഗ്ദലേനമറിയവും യോസെയുടെ അമ്മയായ മറിയവും കണ്ടു' (മർക്കോ 15:47). ഏതാണ്ട് ഇതേ വിവരണം തന്നെയാണ് മത്തായിയും നൽകുന്നത്. യേശുവിന്റെ മരണത്തിനു സാക്ഷികളായവരെക്കുറിച്ച് മത്തായി പറയുന്നു: 'ഗലീലിയിൽ നിന്ന് യേശുവിനെ അനുഗമിച്ചവരും അവനു ശുശ്രൂഷ ചെയ്തിരുന്നവരുമായ അനേകം സ്ത്രീകൾ അകലെ ഇക്കാര്യങ്ങൾ നോക്കിക്കൊണ്ട് നിന്നിരുന്നു. അക്കൂട്ടത്തിൽ മഗ്ദലേനമറിയവും യാക്കോബിന്റെയും ജോസഫിന്റെയും അമ്മയായ മറിയവും സെബദിപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു' (മത്താ 27:55–56). യേശുവിന്റെ മൃതദേഹത്തിന്റെ സംസ്കാരത്തിനും ഈ സ്ത്രീകൾ സാക്ഷികൾ ആയിരുന്നു എന്നും പറയുന്നു: 'മഗ്ദലേനമറിയവും മറ്റേ മറിയവും ശവകുടീരത്തിനഭിമുഖമായി



www.malankaralibrary.com

അവിടെ ഇരിക്കുന്നുണ്ടായിരുന്നു' (മത്താ 27:61). ലൂക്കായും ഏതാണ്ട് ഇതേ കാര്യങ്ങൾതന്നെ പറയുന്നു. യേശുവിന്റെ മരണത്തെ സംബന്ധിച്ച് ഇപ്രകാരം: 'ഇവ കണ്ടുകൊണ്ട് അല്പം ദൂരെയായി അവന്റെ പരിചയക്കാരെല്ലാവരും ഗലീലിയിൽനിന്ന് അവനെ അനുഗമിച്ചിരുന്ന സ്ത്രീകളും നിന്നിരുന്നു' (ലൂക്കാ 23:49). അതുപോലെതന്നെ സംസ്കാരത്തെക്കുറിച്ച് ഇപ്രകാരം: 'ഗലീലിയിൽനിന്ന് യേശുവിനോടൊപ്പം വന്നിരുന്ന സ്ത്രീകൾ ജോസഫിനെ അനുയാത്രചെയ്ത് കല്ലറ വീക്ഷിച്ചു; അവന്റെ ശരീരം വച്ച വിധവും' (ലൂക്കാ 23:55). അപ്പോൾ നാല് സുവിശേഷങ്ങളുടെയും ചിത്രീകരണപ്രകാരം യേശുവിന്റെ മരണം നേരിട്ട് കണ്ടതും അവന്റെ സംസ്കാരം കണ്ടതും സ്ത്രീകൾ ആയിരുന്നു. അവർ അവനെ 'അനുഗമിച്ചവർ' ആയിരുന്നു എന്ന പദപ്രയോഗം ശ്രദ്ധാർഹമാണ്. കാരണം, പുരുഷന്മാരായ തന്റെ ശിഷ്യരെ ക്ഷണിച്ചപ്പോൾ അവരോട് ഉപയോഗിച്ച വാക്കുതന്നെയാണ് ഇവരെക്കുറിച്ചും പറയുന്നത്. 'അനുഗമിക്കുക' എന്ന അർഥമുള്ള 'അകൊലുത്തയോ' എന്ന പദത്തിന്റെ ക്രിയാരൂപംതന്നെയാണ് പുരുഷന്മാരായ ശിഷ്യർക്കും അതോടൊപ്പം സ്ത്രീകൾക്കും ഉപയോഗിച്ചിരിക്കുന്നത്. യേശുവിനെ പിടികൂടിയപ്പോൾ അവനെ മുഖ്യമായും അനുഗമനം ചെയ്തത് സ്ത്രീകളായ ശിഷ്യരായിരുന്നു. അങ്ങനെ അവർക്ക് അവൻ മരിക്കുന്നതും അവനെ സംസ്കരിക്കുന്നതും കാണാൻ ഇടവന്നു.



നാലു സുവിശേഷങ്ങളുടെയും വിവരണപ്രകാരം യേശു മരിച്ചത് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ആയിരുന്നു; യേശുവിന്റെ സംസ്കാരം വെള്ളിയാഴ്ച വൈകുന്നേരം ധൃതിയിൽ നടത്തി. സംസ്കാരം കഴിഞ്ഞപ്പോഴേക്കും സാബത്ത് ആരംഭിക്കാൻ നേരമായിരുന്നു. ലൂക്കാ എഴുതുന്നതു പ്രകാരം യേശുവിന്റെ ശവസംസ്കാരത്തിൽ പങ്കെടുത്ത

www.malankaralibrary.com

സ്ത്രീകൾ 'തിരിച്ചുചെന്ന് സുഗന്ധ വസ്തുക്കളും മീറയും തയ്യാറാക്കി. സാബത്തിൽ അവർ കല്പനയനു സരിച്ച് വിശ്രമിച്ചു' (ലൂക്കാ 23:56). മർക്കോസിന്റെ ചിത്രീകരണപ്രകാരം 'സാബത്ത് കഴിഞ്ഞപ്പോൾ മഗ്ദലേനമറിയവും യാക്കോബിന്റെ അമ്മയായ മറിയവും സലോമിയും പോയി അവനെ അഭിഷേകം ചെയ്യുന്നതിനുവേണ്ടി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ, സൂര്യനുദിച്ചപ്പോൾത്തന്നെ, അവർ കല്ലറയിങ്കലേക്ക് പോയി. അവർ തമ്മിൽ പറഞ്ഞു: ആര് നമുക്കുവേണ്ടി കല്ലറയുടെ വാതിൽക്കൽനിന്ന് കല്ല് ഉരുട്ടിമാറ്റിത്തരും?' (മർക്കോ 16:1–3; കാണുക ലൂക്കാ 24:1; മത്താ 28:1; യോഹ 20:1).

ഈ സ്ത്രീകൾ യേശുവിന്റെ ശവശരീരം സുഗന്ധദ്രവ്യങ്ങൾ കൊണ്ടു പൂശാനായി ഞായറാഴ്ച അതിരാവിലെ കല്ലറയിങ്കലേക്കു പോയി എന്നു പറയുന്നത് ആശ്ചര്യകരംതന്നെ. കാരണം, യേശുവിന്റെ മരണത്തിനുശേഷം അപ്പോൾത്തന്നെ മൂന്നാം ദിവസമായിരുന്നു. 36 മണിക്കൂർ ഓളം കല്ലറയിൽ ആയിരുന്ന യേശുവിന്റെ ശവശരീരം ഏതു സ്ഥിതിയിൽ ആയിക്കാണണം എന്ന ആശങ്ക ഈ സ്ത്രീകൾക്കില്ല. ശവശരീരം ഒരു ശീതീകരിച്ച സംവിധാനത്തിലല്ല സൂക്ഷിച്ചിരുന്നത് എന്നത് ഓർക്കേണ്ടതുണ്ട്. ഉഷ്ണമേഖലപരമായ കാലാവസ്ഥ ഉണ്ടായിരുന്ന ജറുസലേമിൽ മൂന്നാം ദിവസം ശവശരീരം എപ്രകാരം ആയിത്തീർന്നിരിക്കണം എന്നത് ഊഹിക്കാവുന്നതേയുള്ളൂ. പിന്നെ എങ്ങയൊണ് ശവശരീരത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശുന്നത്? എന്നാൽ സ്ത്രീകളുടെ ഏക ആശങ്ക, കല്ലറയുടെ വാതിൽക്കൽ നിന്ന് കല്ല് ആര് ഉരുട്ടിമാറ്റിത്തരും എന്നതു മാത്രമാണ്. ഈ സ്ത്രീകളുടെ പ്രവൃത്തി അതിരുകടന്നതാണ് എന്നു വിധിയെഴുതാതിരിക്കാൻ പറ്റില്ല. അതേസമയം, തങ്ങളുടെ സ്നേഹിതനും ഗുരുവും ആയിരുന്ന യേശുവിനോടുള്ള സ്നേഹവും ബഹുമാനവും അവരെ അപ്രകാരം ചെയ്യാൻ നിർബന്ധിക്കുന്നതരമായിരുന്നു. വെള്ളിയാഴ്ച വൈകുന്നേരം തിടുക്കത്തിൽ യേശുവിന്റെ ശവശരീരം മറവു ചെയ്തപ്പോൾ സാധാരണയായി യഹൂദരുടെ ഇടയിൽ ചെയ്തുവന്നിരുന്ന രീതിയിലുള്ള ശവസംസ്കാര ചടങ്ങുകൾ എല്ലാം നിറവേറ്റാനായി അവർക്ക് സാധി

www.malankaralibrary.com

ച്ചില്ല. അതിനാൽ യേശുവിന്റെ ചേതനയറ്റ ശരീരം ഏതു രീതിയിൽ ആയിരുന്നെങ്കിൽപോലും തങ്ങളുടെ സ്നേഹിതനും ഗുരുവുമായ യേശുവിന് പൂർണമായ അന്തിമോപചാര കർമങ്ങൾ ചെയ്യണമെന്നുള്ള നിർബന്ധം അവർക്കുണ്ടായിരുന്നു. കാരണം, യേശുവിനോടുള്ള അവരുടെ സ്നേഹബന്ധം അത്രമാത്രം ശക്തമായിരുന്നു. അതിനാൽ പുരുഷന്മാരായ ശിഷ്യർക്ക് തോന്നാത്തവിധം അവർ ആശ്ചര്യകരമായ ആ പ്രവൃത്തി ചെയ്യാൻ അവർ ഇറങ്ങിപ്പുറപ്പെട്ടു. എന്നാൽ, മൃതശരീരം കാണാനും അത് അഭിഷേകം ചെയ്യാനും പോയ ആ സ്ത്രീകൾക്കു ലഭിച്ചത് ഉയിർപ്പിന്റെ അഥവാ ജീവന്റെ സന്ദേശം ആയിരുന്നു. അവർ ഉയിർത്തെഴുന്നേറ്റവനെ കണ്ടുമുട്ടുകപോലും ചെയ്തു (മത്താ 28:9-10; യോഹ 20:11-18). അപ്പോൾ ഈ സ്ത്രീകൾ കാണിച്ച അസാമാന്യമായ സ്നേഹത്തിനു ലഭിച്ച പ്രതിഫലം ആയിരുന്നു ഉയിർപ്പ് എന്നു പറയുന്നത്. മരിച്ച് അടക്കപ്പെട്ടവനെ സന്ദർശിക്കാൻ പോയ അവർ കണ്ടത് ജീവിച്ചിരിക്കുന്നവനെ ആണ്; അവൻ ജീവന്റെ സമൃദ്ധിയായി മാറിയിരുന്നു.



യുക്തിസഹ കഥ

അപ്പോൾ യേശുവിന്റെ ഉയിർപ്പിന്റെ പ്രഥമസാക്ഷികളായി പുതിയ നിയമം അവതരിപ്പിക്കുന്നത് സ്ത്രീകളെയാണ്. സ്ത്രീകളെ വിശ്വസിക്കാൻ വിസമ്മതിച്ച ശിഷ്യരുടെ കഥയും പുതിയനിയമം പറയുന്നുണ്ട്. യേശുവിന്റെ മരണത്തിനും സംസ്കാരത്തിനുംശേഷം മൂന്നാം ദിവസം ജറുസലേമിൽ നിന്ന് എമ്മാവൂസിലേക്ക് പോയ രണ്ട് ശിഷ്യർ ആ കഥ തങ്ങളോടുകൂടിയ അപരിചിതനായ സഹയാത്രികനോടു പറയുന്നത് ശ്രദ്ധേയമാണ്. അവർ പറഞ്ഞു: 'ഇവയെല്ലാം സംഭവിച്ചിട്ട് ഇത് മൂന്നാം ദിവസമാണ്. മാത്രമല്ല, ഞങ്ങളുടെ കൂട്ടത്തിലുള്ള ചില സ്ത്രീകൾ ഞങ്ങളെ വിസ്മയിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

ഇന്ന് രാവിലെ അവർ കല്ലറയിങ്കൽ പോയിരുന്നു. എന്നാൽ, അവന്റെ ശരീരം അവർ അവിടെ കണ്ടില്ല. അവർ തിരിച്ചുവന്ന്, തങ്ങൾക്കു ദൂതന്മാരുടെ ദർശനം ഉണ്ടായെന്നും അവൻ ജീവിച്ചിരിക്കുന്നെന്ന് അറിയിച്ചെന്നും പറഞ്ഞു. ഞങ്ങളുടെ കൂടെയുണ്ടായിരുന്നുവരിൽ ചിലരും കല്ലറയിങ്കലേക്കു പോയി, സ്ത്രീകൾ പറഞ്ഞതുപോലെതന്നെ കണ്ടു. എന്നാൽ അവനെ അവർ കണ്ടില്ല' (ലൂക്കാ 24:21-24). യഥാർഥത്തിൽ, യേശുവിന്റെ ഉയിർപ്പിന്റെ ആദ്യസാക്ഷികൾ സ്ത്രീകൾ ആണെന്നു പറയുന്നത് ശ്രദ്ധേയമാണ്. അക്കാലത്ത് യഹൂദരുടെ ഇടയിൽ സ്ത്രീകളുടെ സാക്ഷ്യം അത്രസ്വീകാര്യമായിരുന്നില്ല. സ്ത്രീകൾ നൽകുന്ന സാക്ഷ്യം ദുർബല സാക്ഷ്യമായി ആണ് കരുതി വന്നത്. യേശുവിന്റെ ഉയിർപ്പ് കെട്ടിച്ചമച്ച കഥയായിരുന്നെങ്കിൽ അതിന്റെ സാക്ഷികൾ ആധികാരികതയുള്ള പുരുഷന്മാർ ആയിരുന്നേനെ. എന്നാൽ ദുർബലരായ സാക്ഷികൾ ഈ കഥ അവതരിപ്പിക്കുന്നതുകൊണ്ട് അത് സത്യം ആകാതിരിക്കാൻ പാടുള്ളതല്ല. സത്യമായതുകൊണ്ടു തന്നെയാണ് സാക്ഷികൾ അപ്രകാരം ദുർബലർ ആയിരുന്നതുകൊണ്ട് അവർ തന്നെ കഥാപാത്രങ്ങൾ ആയിരിക്കുന്നത്. അതിനാൽ അക്കാര്യം തന്നെ യേശുവിന്റെ ഉയിർപ്പിന്റെ ആധികാരികതയ്ക്ക് പിൻബലമായി നിൽക്കുന്നു. അതിനാൽ സ്ത്രീകളുടെ ഈ സാക്ഷ്യം തള്ളിക്കളയാവുന്നതല്ല.

യഥാർത്ഥത്തിൽ യേശുവിന്റെ ഉയിർപ്പ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന ശിലയാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ കൊറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം 15-ാം അധ്യായം മുഴുവൻ ഉയിർപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്നതാണ്. അതിന്റെ ആദ്യ വചനങ്ങൾ ഏറെ ശ്രദ്ധേയമാണ്. ഈ ലേഖനം ഏതാണ്ട് ഏ. ഡി. 54-ൽ രചിക്കപ്പെട്ടു എന്ന് ഇന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. സുവിശേഷങ്ങൾ രുചിക്കപ്പെടുന്നതിനു ഏതാണ്ട് പത്തുവർഷം മുമ്പുതന്നെ ഇത് രചിക്കപ്പെട്ടതാണ്. ആദ്യമായി രചിക്കപ്പെട്ട സുവിശേഷമായ മർക്കോസിന്റെത് ഏ. ഡി. 65 നും 70 നും ഇടയിൽ രചിച്ചതാണെന്നാണല്ലോ ഇന്ന് കരുതി വരുന്നത്. അങ്ങനെയെങ്കിൽ 50-കളിൽ തനിക്ക് ലഭിച്ചതും താൻ കൈമാറിയതുമായ സുവിശേഷത്തെപ്പറ്റി, അഥവാ അടിസ്ഥാന വിശ്വാസസത്യത്തെ

www.malankaralibrary.com

ക്കുറിച്ച്, പൗലോസ് പഠിപ്പിക്കുന്നു: 'സഹോദരരേ, ഞാൻ പ്രസംഗിച്ചതും നിങ്ങൾ സ്വീകരിച്ചതും നിങ്ങൾ നിലകൊള്ളുന്നതുമായ സുവിശേഷത്തെപ്പറ്റി ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കാം. ഞാൻ നിങ്ങളോടു പ്രസംഗിച്ച വചനം നിങ്ങൾ മുറുകെപ്പിടിക്കുന്നെങ്കിൽ ഈ സുവിശേഷത്തിലൂടെ നിങ്ങൾ രക്ഷിക്കപ്പെടും. അല്ലാത്തപക്ഷം നിങ്ങൾ വിശ്വസിച്ചത് വ്യർഥമായിത്തീരും. ഞാൻ സ്വീകരിച്ചത്, നിങ്ങൾക്കു ഞാൻ സർവപ്രധാനമായി ഏല്പിച്ചുതന്നു. അതെന്തെന്നാൽ, വിശുദ്ധ ലിഖിതങ്ങളനുസരിച്ച് ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും വിശുദ്ധ ലിഖിതങ്ങൾ അനുസരിച്ച് മൂന്നാം ദിവസം ഉയർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി. അതിനുശേഷം അഞ്ഞൂറിലധികം സഹോദരങ്ങൾക്ക് ഒരേസമയം പ്രത്യക്ഷനായി. അവരിൽ ഭൂരിഭാഗവും ഇപ്പോഴും ജീവിച്ചിരിക്കുന്നു. ചിലർ മരിച്ചുപോയി. പിന്നീട് അവൻ യാക്കോബിനും അതുകഴിഞ്ഞ് എല്ലാ അപ്പോസ്തലന്മാർക്കും പ്രത്യക്ഷനായി. ഏറ്റവും



അവസാനമായി, അകാലജാതന് എന്നപോലെ എനിക്കും അവൻ പ്രത്യക്ഷനായി' (1 കോറി 15:1-7). ഇവിടെ പൗലോസ് അവതരിപ്പിച്ച അടിസ്ഥാന വിശ്വാസത്തിന്റെ ചിത്രീകരണം ആണ് പിൽക്കാലത്ത് സുവിശേഷങ്ങളിൽ വിരചിതമായത്.

ജീവന്റെ കഥ

ഏറെ പ്രായം ചെന്ന അബ്രാഹത്തിനും അതുപോലെതന്നെ പ്രായം ചെന്ന വന്ധ്യയായിരുന്ന തന്റെ ഭാര്യ സാറായ്ക്കും ദൈവം കനിഞ്ഞു നൽകിയ ഏക പുത്രനായിരുന്നു ഇസഹാക്ക്. അബ്രാഹം വലിയൊരു ജനതയുടെ പിതാവാകുമെന്നും ദൈവം വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ, ആ പുത്രനെ തന്നെ തനിക്കു ബലികഴിക്കാൻ

www.malankaralibrary.com

ദൈവം അബ്രാഹത്തിനോട് ആവശ്യപ്പെട്ടു. അബ്രഹാം ആവശ്യം നിരസിച്ചില്ല. എന്തുകൊണ്ട് അബ്രഹാം ദൈവത്തിന്റെ ആഗ്രഹം നിറവേറ്റാൻ തയ്യാറായെന്ന് പൗലോസ് അപ്പോസ്തലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ സൂചിപ്പിക്കുന്നു: 'ഞാൻ നിന്നെ അനേകം ജനതകളുടെ പിതാവാക്കിയിരിക്കുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. മരിച്ചവരെ ജീവിപ്പിക്കുന്നവനും അസ്തിത്വം ഇല്ലാത്തവയെ അസ്തിത്വത്തിലേക്ക് വിളിക്കുന്നവനുമായ ദൈവത്തിന്റെ മുമ്പിൽ ആണ് അവൻ [അബ്രാഹം] വിശ്വാസ മർപ്പിച്ചത്' (റോമാ 4:17). ഇതേ കാര്യം തന്നെ ഹെബ്രായർക്ക് എഴുതിയ ലേഖനത്തിന്റെ ലേഖനകർത്താവും പറയുന്നു: 'വിശ്വാസംമൂലമാണ്, പരീക്ഷിക്കപ്പെട്ടപ്പോൾ അബ്രാഹം ഇസഹാക്കിനെ സമർപ്പിച്ചത്. അവൻ തന്റെ ഏകപുത്രനെ ബലിയർപ്പിക്കാൻ ഒരുങ്ങിയത്, ഇസഹാക്കിലൂടെ നിന്റെ സന്തതി പരമ്പര വിളിക്കപ്പെടും എന്ന വാഗ്ദാനം സ്വീകരിച്ചിരുന്നപ്പോഴാണ് മരിച്ചവരിൽ നിന്ന് മനുഷ്യരെ ഉയിർപ്പിക്കാൻപോലും ദൈവത്തിനു കഴിയുമെന്ന് അവൻ വിചാരിച്ചു' (ഹെബ്രാ 11:17-19). യഥാർഥത്തിൽ അബ്രാഹത്തിനു തന്റെ പുത്രനെ ബലി കഴിക്കേണ്ടിവന്നില്ല. എന്നാൽ, ദൈവം സ്വപുത്രപ്പോലും ഒഴിവാക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏൽപ്പിച്ചുതന്നു (റോമാ 8:32 കാണുക). പക്ഷേ, അവന്റെ മരണത്തിൽനിന്നു ജീവന്റെ സമൃദ്ധി ഉണ്ടായി. അത് എല്ലാ മനുഷ്യർക്കും സന്തോഷത്തിനു കാരണമായി ഭവിച്ചു.

ഉപസംഹാരം

യേശുക്രിസ്തുവിന്റെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനശിലയാണ്. യേശുവിന്റെ ആദ്യ സാക്ഷികൾ അവന്റെ സ്ത്രീശിഷ്യരായിരുന്നു; അവരാണ് ആ യാഥാർഥ്യം ആദ്യമായി അറിയുകയും വിശ്വസിക്കുകയും ചെയ്തത്. അത് അവരുടെ സ്നേഹത്തിന്റെ പൂവണിയിലായിരുന്നു. അവരുടെ സാക്ഷ്യം സത്യമാണ്. അവർ വിശ്വാസികൾക്ക് മാതൃകയായി നിലകൊള്ളുന്നു. 'ഞാൻ ആകുന്നു ഉത്ഥാനവും ജീവനും' (യോഹ 11:25) എന്ന് യേശു മർത്തായോടു പറഞ്ഞത് അപ്രകാരം സ്ഥിരീകരിക്കപ്പെട്ടു. 'അവൻ മരിച്ചവരിൽനിന്നുള്ള ആദ്യജാതനാണ്' (കൊളോ 1:18).

*

www.malankaralibrary.com

ലേഖനം

യേശുവിന്റെ മരുഭൂ-അനുഭവം എന്റെ ജീവിതത്തിൽ

I. "മനുഷ്യൻ അപ്പം അപ്പംകൊണ്ടു മാത്രമല്ല. ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൾ കൊണ്ടുമാണ് ജീവിക്കുന്നത്; എന്ന് എഴുതപ്പെട്ടിരിക്കുന്നു" (മത്താ 4:4-11).



ഫാ. ചാക്കോ നരിമറ്റത്തിൽ

മരുഭൂമിയിലെ ജീവിതം ക്ലേശകരമാണ്. വിശപ്പിന് ഭക്ഷിക്കാനില്ല. ദാഹത്തിന് കുടിക്കാനുമില്ല. തണൽ പ്പച്ചകളുമില്ല. ഒരുമാതിരി ഇല്ലായ്മ, ഉള്ളായ്മയുടെയും സംതൃപ്തിയുടെയും സമ്പത്തിന്റെയും പ്രതീകാത്മകമായ ഒരു അനുഭവമാണ്. ഒന്നിലും ആശ്രയിച്ചിട്ടു കാര്യമില്ല. അതുകൊണ്ട് ദൈവത്തിലാശ്രയിക്കുന്നു.

ദൈവത്തോടൊത്തായിരിയ്ക്കുന്നതിൽ, ദൈവത്തിലായിരിയ്ക്കുന്നതിലുള്ള സമ്പന്നത; "മൂന്നു കുടാരങ്ങൾ നിർമ്മിയ്ക്കാം, ഇവിടാകാം" അല്ലാതെ "ഞങ്ങൾ പിന്നെ ആരുടെ പക്കലേയ്ക്ക് പോകും" എന്നിപ്രകാരമുള്ള ഒരവസ്ഥയാണ് മരുഭൂ-അനുഭവം. ഈ അനുഭവത്തെ, ഏകാന്തതയെ, ഏകാഗ്രതയെ, ദൈവൈക്യത്തെ ഭജ്ജിയ്ക്കാനുള്ള ബാഹ്യവും ആന്തരികവുമായ ശക്തമായ പ്രേരണയാണ് യേശുവിനുണ്ടാകുന്ന പരീക്ഷകൾ. മരുഭൂ-അനുഭവത്തോടനുബന്ധിച്ചുള്ള പരീക്ഷ എല്ലാ മനുഷ്യർക്കും ഉണ്ടാകുന്നതാണ്. എങ്ങനെ ഏതുവിധം പരീക്ഷകളെ നേരിട്ട് മരുഭൂ-അനുഭവത്തിൽ, തപസ്സനുഭവത്തിൽ നിലനില്ക്കാം എന്നതിനുള്ള ഒരു മാർഗ്ഗനിർദ്ദേശവും, ചൂണ്ടുപലകയുമാണ് കർത്താവിന്റെ മരുഭൂമിയിലെ പരീക്ഷകൾ.

www.malankaralibrary.com

വിശപ്പ് അടിസ്ഥാന വികാരമാണ്. സഹിക്കത്തില്ല. ഒന്നും ഭക്ഷിക്കാതെയിരുന്നാൽ (ഉപവസിക്കുമ്പോൾ) വിശപ്പു ശക്തമാകും. വിശക്കുന്നവന് അപ്പമാണാവശ്യം. വിശക്കുന്നവൻ അപ്പം കണ്ടാൽ എടുത്തു ഭക്ഷിക്കും. യേശുവിന്റെ ഉപവാസത്തിലും വാച്യാർത്ഥത്തിൽ തന്നെ തനിക്ക് കല്ലിന്റെ പ്രതീകാത്മകതയിൽ അപ്പമവിടെയുണ്ടുതാനും എടുത്തു ഭക്ഷിക്കാൻ യേശുവിനെ ശക്തമായി പ്രേരിപ്പിക്കുന്നുണ്ട്.

വിശപ്പ് പല രീതിയിലുണ്ട്. ശാരീരികമാകാം, ഭൗതികമാകാം, മാനസികമാകാം, ആത്മീയമാകാം. ഒന്നുകിൽ വിശപ്പിനെ പരിരക്ഷിക്കുക, അല്ലെങ്കിൽ കല്ലിനെ അപ്പമാക്കി ഭക്ഷിച്ച് വിശപ്പടക്കുക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒന്നുകിൽ ആസക്തിയുടെ വഴി, ജീവിതത്തിൽ തെരഞ്ഞെടുക്കുക; അല്ലെങ്കിൽ ആത്മീയ (ദിവ്യമായ) വിശപ്പു പരിരക്ഷിച്ചുകൊണ്ട് നിത്യ ജീവനിലേയ്ക്കുള്ള വഴിയിൽ പ്രവേശിക്കുക.

ആസക്തിയെ അനാസക്തിയാക്കി മാറ്റാൻ ഭക്ഷിക്കേണ്ടത് 'ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകളാണ്'. വചനാധിഷ്ഠിത/മൂല്യാധിഷ്ഠിത ജീവിതശൈലി രൂപീകരണമാണതിനാവശ്യം. സ്വാഭാവികവും, അതിസ്വാഭാവികവുമായ മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തി ചിട്ടപ്പെടുത്തി ക്രമീകരിക്കുന്നതിൽ നിന്നും ആവിഷ്കൃതമാക്കുന്ന ഒരു ജീവിതശൈലി.

ഇന്ന് മനുഷ്യനെ ആസക്തിയുടെ സംസ്കാരം കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. ഇവ്വിധത്തിലുള്ള പരീക്ഷയിൽ ഉൾപ്പെടാനുള്ള സാധ്യതകളേറുന്ന ഇന്നിന്റെ മനുഷ്യന്റെ മുമ്പിൽ തെരഞ്ഞെടുപ്പിന്റെ വഴിയാണ് യേശു കാണിച്ചു തരുന്നത്. ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന വാക്കുകൾക്കനുസൃതം ജീവിച്ചുകൊണ്ട് ആസക്തിയെ അനാസക്തിയാക്കിമാറ്റുക. അതിന് സ്വീകരിക്കേണ്ട "വേദനയാണ്'' ഈ "നോമ്പു"കാലം.

II. അനന്തരം പിശാച് അവനെ വിശുദ്ധ നഗരത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി ദേവാലയത്തിന്റെ അഗ്രത്തിൽ കയറ്റിനിർത്തിയിട്ട് പറഞ്ഞു "നീ ദൈവപുത്രനാണെങ്കിൽ താഴേയ്ക്ക് ചാടുക..." യേശു പറഞ്ഞു "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നു കൂടി എഴുതപ്പെട്ടിരിക്കുന്നു" (4:7).

www.malankaralibrary.com

ഒന്നാമത്തെ പരീക്ഷയിൽ യേശു വിജയിച്ചു. ആസക്തിയെ അനാസക്തിയാക്കി മാറ്റിയപ്പോൾ യേശുവിന് കൈവന്ന ആത്മീയനുഭവവും, ശക്തിസ്രോതസ്സുമാണ് 'ദൈവാലയഗോപുരം'. ആസക്തിയെ കീഴടക്കിയാൽ കിട്ടുന്ന അനുഭവം. ഔന്നത്യത്തിന്റേതാണത്. ശ്രേഷ്ഠതയുടെതും.

ഒന്നാമത്തെ പരീക്ഷ ബാഹ്യമാണ്. പുറമേനിന്നുള്ള ഒന്നാണ്. പുറത്തുനിന്നുള്ള ആക്രമണം ചെറുത്തുനിന്നുള്ള ആക്രമണം ചെറുത്തുനിന്നാൽ മതിയല്ലോ. ശത്രു അകത്തുകടക്കാതെ ശ്രദ്ധിച്ചാൽ മതി. എന്നാൽ രണ്ടാമത്തെ പരീക്ഷ അകത്തുനിന്നുതന്നെയുള്ള ഒരു ആക്രമണമാണ്. ഉള്ളിൽനിന്നും ഉള്ളറകളെ ഭേദിച്ചു കൊണ്ടുള്ള ഒരാക്രമണം. താഴേയ്ക്കു ചാടുക. ചാട്ടവും എടുത്തുചാട്ടവും എപ്പോഴും ആപൽക്കരമാണ്. "അഹം" ഭാവത്തിൽ നിന്നാണത് ഉണ്ടാകുന്നതും. അത് ഉന്നതിയിൽനിന്നും ആഴങ്ങളിലേയ്ക്ക് നമ്മളെ തള്ളിയിടും. അതുവഴി നാം താഴ്ചയിലാകും. വീഴ്ചയിലുമാകും. കായേൽ ആബേലിന്റെമേൽ ചാടിവീണു. ഏദൻതോട്ടത്തിൽ നിന്നും ആദിമാതാപിതാക്കൾ ചാടിപ്പോയി നിഷ്ക്കാസിതരായി. ധൂർത്തപുത്രൻ വീടിന്റെ ചവിട്ടുപടിയിറങ്ങിപ്പോയി. എടുത്തു ചാട്ടക്കാർ ചാടിവീഴും. ഗർത്തങ്ങളിൽ വീഴും. ആ വീഴ്ച വലുതാണുതാനും.

ഞാനാണ് വലിയവൻ എന്ന് ചിന്തിച്ച് മുകളിൽ നിന്നു ചാടിയാൽ "ദൈവാലയഗോപുരം", ആത്മീയാനുഭവമാകുന്നത് (ആത്മീയത) നഷ്ടമാകും. ആത്മീയന്റെ ഉള്ളിൽ നിറഞ്ഞു നിൽക്കുന്നത്. "ഞാൻ" അല്ല, പിന്നെയോ "നീ" ആണ്. "എന്നെ" ശൂന്യവത്ക്കരിക്കുമ്പോൾ, "നീ" ബോധം ഉണ്ടാകുന്നു. "ഞാൻ" ചെറിയവനാകാണം, അപ്പോൾ "നീ" വലിയവനാകും. നീയാണ് വലിയവൻ എന്നത് ഉള്ളാലെ ഉൾക്കൊള്ളണമെങ്കിൽ "അഹം" ഭാവത്തെ (എന്നെ) മരുഭൂമിയുടെ കത്തിയെരിയുന്ന എരിതീയിൽ വേവിച്ചു വെണ്ണീറാക്കണം. അതിന് വേദനയേൽക്കേണ്ടിവരും. അപ്പോൾ അത് നോമ്പാകുന്നു.

– കർത്താവിനെ തിരിച്ചറിഞ്ഞാൽ നാം ദൈവത്തെ പരീക്ഷിക്കില്ല. 'അത് കർത്താവാണ്' പത്രോസ് തിരിച്ചറിഞ്ഞു. ദൈവത്തെ പരീക്ഷിക്കാനോ, പരിരക്ഷിക്കാനോ ഉള്ളവനല്ല, പിന്നെയോ അനുഭവി

www.malankaralibrary.com

ച്ചറിയാനുള്ളവനാണ്. അനുഭവിച്ചറിഞ്ഞാൽ പിന്നെ പാടേണ്ടതില്ല; കാരണം ദൈവം തന്നെ വലിയവൻ എന്നംഗീകരിച്ചുകഴിഞ്ഞു. ഉയരത്തിലായിരിക്കുകയാണ് (ആത്മീയതയിലായിരിക്കുകയാണ്) നല്ലത്. ഉയരം നഷ്ടപ്പെടുത്തി താഴെ ചാടിയാൽ ആഴങ്ങളും ദൂരങ്ങളും ദുരന്തമായിത്തീരും.

III. വീണ്ടും പിശാച് വളരെ ഉയർന്ന ഒരു മലയിലേയ്ക്ക് അവനെ കൂട്ടിക്കൊണ്ടുപോയി. ലോകത്തിലെ എല്ലാ രാജ്യങ്ങളും, അവയുടെ മഹത്വങ്ങളും അവനെ കാണിച്ചുകൊണ്ട്, അവനോട് പറഞ്ഞു. നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്ക് ഞാൻ നൽകും. യേശു കല്പിച്ചു. 'സാത്താനെ ദൂരെ പോവുക എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം അവിടുത്തെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു' (4:10)

മൂന്നുവിധത്തിലുള്ള മൂന്നു പരീക്ഷകളെയാണ് യേശു നേരിടുന്നത്. (1) ബാഹ്യമായ പരീക്ഷണം (ശാരീരികം) (2) മാനസികമായ പരീക്ഷണം (3) ലൗകീകമായ പരീക്ഷണം.

'ഉയർന്ന മല' ധ്വനിപ്പിക്കുന്നത് ഉയർന്ന കാഴ്ചപ്പാടും ഉയർന്ന ദർശനവുമാണ്. ആത്മീയ ശക്തിയിൽ നിന്നും ഉരുത്തിയിരിയുന്നതാണ് ഈ ദർശനം. ഇവയെല്ലാം മരുഭൂ-അനുഭവ തപസ്സിന്റെ ഫലമാണുതാനും. ആത്മാവിൽ സന്തോഷിക്കുന്നവന്റെ സൗഭാഗ്യ സൗന്ദര്യ മനോഭാവം വേറെയാണ്. വേറിട്ടതുമാണ് അവന്റെ കാഴ്ചപ്പാട് ലോകത്തെ മുഴുവൻ 'നല്ലത്' എന്നു കാണുന്നു. അങ്ങനെ മനസ്സിലാക്കുന്നു. ഉൾക്കൊള്ളുന്നു. നന്മയുടെ കണ്ണുകൊണ്ട് എല്ലാറ്റിനേയും നല്ലതെന്നുകണ്ട് സന്തോഷസുഷുപ്തിയിലിരിക്കുമ്പോഴാണ് 'വീണാരാധിക്കുക, സന്തോഷത്തിന് നിദാനമായിരിക്കുന്ന ഇവയെല്ലാം നിനക്ക് ഞാൻ നൽകാം' എന്ന പ്രലോഭനമുണ്ടാവുന്നത്.

എല്ലാറ്റിനേയും, എല്ലാവരേയും 'സ്വന്ത'മാക്കാനുള്ള ആസക്തി എന്റേതുമാത്രമാക്കാനുള്ള ആസ്ക്തി ഉപഭോഗ-ഉപഭോക്തൃസംസ്ക്കാരശൈലി ഇന്നിന്റെ ഒരു വലിയ ആസക്തിയാണ്. ഈ സ്ഥലം. ഈ വീട് പണം, സമ്പത്ത് എല്ലാം എന്റേതാണ് എന്ന് പറയാമെന്നല്ലാതെ എന്റെതാണോ? ഈ താല്ക്കാലിക

www.malankaralibrary.com



ജീവിത പരിധിയ്ക്കുള്ളിൽ ഞാൻ പിടിച്ചടക്കി സമ്പന്നമാക്കിയതു മാത്രമാണതെല്ലാം. വിട്ടുപോകണം. പോയേപറ്റൂ. ഒന്നും കൊണ്ടുപോകാതെ നമ്മൾ തനിയെ പോകേണ്ട വരല്ലേ? പിടിച്ചടക്കിയതിനെ വെച്ചു പൂജിച്ചിട്ടു കാര്യമില്ല; അതിനെ ആരാധിക്കാൻ പാടില്ല. ചിതലും പുഴുവും നശിപ്പിക്കാത്ത നിക്ഷേപം, സ്വന്തമാക്കിക്കൊള്ളൂ. കൊണ്ടുപോകില്ല, ചോരന്മാർ അതൊന്നും ലോകത്തിലാണ് നമ്മൾ; എന്നാൽ ലോകത്തിന്റേതല്ല. ലോകത്തേയോ, ലോകത്തിലുള്ള ഒന്നിനെയോ ആരാധിച്ചുകൂടാ. ദൈവത്തെ മാത്രമേ ആരാധിക്കാവൂ. "സാത്താനേ ദൂരത്തു പോവുക", ലൗകീകാസക്തികളെ ലൗകീകാരാധനയെ ശാസിച്ചു നിലയ്ക്കു നിർത്തേണ്ടിടത്ത് നിർത്തിയാൽ അതാണ്. 'മലയുടെ' വെളിപാട് കിട്ടിയതിന്റെ ഫലം.

നോമ്പും, നൊമ്പരവും അൻപും ഇല്ലാത്ത നോമ്പില്ല. മറ്റുള്ളവരെക്കുറിച്ചുള്ള നൊമ്പരം, ഈറ്റുനോവിലൂടെ ജീവൻ കൊടുക്കണം. അൻപിന്റെ പേരിൽ അതു സമൃദ്ധിയായി കൊടുക്കാനും, ഈ നോമ്പുകാലം ഇടയാക്കിയാൽ അതാണ് 'ദേവാലയ ഗോപുരത്തിന്റെ' ആവിഷ്ക്കാരം.

*

www.malankaralibrary.com

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2025-ലെ നോമ്പുകാല സന്ദേശം

പ്രത്യാശയിൽ നമുക്കൊരുമിച്ചു യാത്രചെയ്യാം

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ വാർഷിക തപസ്സുകാലതീർത്ഥാടനം അനുതാപസൂചകമായ ക്ഷാരംപൂശൽ കർമത്തോടെ വിശ്വാസത്തിലും പ്രത്യാശയിലും നാം ആരംഭിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയുംമേലുള്ള കർത്താവായ ക്രിസ്തുവിന്റെ പെസഹാവിജയം നാം അത്യധികം സന്തോഷത്തോടെ ആഘോഷിക്കേണ്ടതിനായി നമ്മുടെ മാതാവും ഗുരുനാഥയുമായ സഭ നമ്മുടെ ഹൃദയങ്ങൾ ദൈവത്തിന്റെ കൃപയിലേക്ക് തുറന്നുവയ്ക്കാൻ നമ്മെ ക്ഷണിക്കുന്നു. ഈ വിജയത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ഇപ്രകാരം ഉദ്ഘോഷിച്ചു: മരണത്തെ വിജയം ഗ്രസിച്ചുകളഞ്ഞു. മരണമേ, നിന്റെ വിജയം എവിടെ? മരണമേ, നിന്റെ ദംശനം എവിടെ? (1 കോറി 15:54-55). യഥാർഥത്തിൽ, ക്രൂശിതനും ഉത്ഥിതനുമായ യേശു ക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിന്റെ ഹൃദയം; അവിടന്നാണ് പിതാവിന്റെ വലിയ വാഗ്ദാനത്തിലുള്ള നമ്മുടെ പ്രത്യാശയുടെ അച്ചാരം. ഈ വാഗ്ദാനം പ്രിയപുത്രനിൽ നിറവേറിക്കഴിഞ്ഞു; അതായത്, നിത്യജീവൻ (യോഹ 10:28; 17:3 കാണുക) [1].

ജൂബിലി വർഷത്തിന്റെ കൃപയിൽ പങ്കുചേരുന്ന ഈ തപസ്സുകാലത്ത് പ്രത്യാശയിൽ ഒരുമിച്ചു **യാത്രചെയ്യുക** എന്നതിന്റെ അർഥത്തെക്കുറിച്ചും ദൈവം തന്റെ കാരുണ്യത്താൽ വ്യക്തിയും സമൂഹവും എന്ന നിലയിൽ എല്ലാവർക്കും നൽകുന്ന മാനസാന്തരത്തിലേക്കുള്ള ആഹ്വാനത്തെക്കുറിച്ചും ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, ***യാത്രചെയ്യുക*** എന്നതാണ്: ജൂബിലിയുടെ ആപ്ത വാക്യമായ പ്രത്യാശയുടെ തീർത്ഥാടകർ പുറപ്പാടിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഇസ്രായേൽ ജനത്തിന്റെ വാഗ്ദത്ത ഭൂമിയിലേക്കുള്ള ദീർഘമായ യാത്രയുടെ ഓർമകൾ ഉണർത്തുന്നു. അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള ദുഷ്കരമായ ആ പാത

www.malankaralibrary.com

തന്റെ ജനത്തെ സ്നേഹിക്കുകയും എപ്പോഴും അവരോടു വിശ്വസ്തനായിരിക്കുകയും ചെയ്ത കർത്താവ് ഇച്ഛിച്ചതും നയിച്ചതും ആയിരുന്നു. ബൈബിളിലെ പുറപ്പാടിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, നമ്മുടെ കാലത്ത് ദുരിതത്തിന്റെയും അക്രമത്തിന്റെയും സാഹചര്യങ്ങളിൽനിന്നു തങ്ങൾക്കും പ്രിയപ്പെട്ടവർക്കും മെച്ചപ്പെട്ട ജീവിതം തേടി പാലായനം ചെയ്യുന്ന നമ്മുടെ സഹോദരീ സഹോദരന്മാരെക്കുറിച്ചും ചിന്തിക്കാതിരിക്കാനാവില്ല.

ഇവിടെയാണ് മാനസാന്തരത്തിനായുള്ള ആദ്യക്ഷണം ഉയരുന്നത്. കാരണം, നാമെല്ലാവരും ഈ ജീവിതത്തിൽ തീർത്ഥാടകരാണ്. അതിനാൽ നാം ഓരോരുത്തരും ഒരുനിമിഷം ഈ വസ്തുത നമ്മുടെ ജീവിതങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നു ചിന്തിക്കേണ്ടതാണ്. ഞാൻ യഥാർഥത്തിൽ ഒരു യാത്രയിലാണോ, അതോ ഞാൻ മുന്നോട്ടു നീങ്ങാതെ നില ഉറപ്പിച്ചിരിക്കുകയാണോ? ഭയവും നിരാശയുംമൂലം ഞാൻ നിശ്ചലനാണോ? അല്ലെങ്കിൽ, എന്റെ സുരക്ഷിതവലയത്തിൽ നിന്ന് പുറത്തുകടക്കാൻ ഞാൻ വിസമ്മതിക്കുന്നോ? പാപത്തിന്റെ അവസരങ്ങളും എന്റെ മാഹാത്മ്യത്തെ ഇടിച്ചുതാഴ്ത്തുന്ന സാഹചര്യങ്ങളും ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണോ? നമ്മുടെ ദൈനംദിന ജീവിതം ഒരു കുടിയേറ്റക്കാരന്റെയോ വിദേശിയുടെയോ ജീവിതവുമായി താരതമ്യപ്പെടുത്തി നോക്കുന്നത് ഒരു തപസ്സുകാല അനുഷ്ഠാനമാകാവുന്നതാണ്; അത് അവരുടെ അനുഭവങ്ങളോട് എങ്ങനെ സഹതപിക്കാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും അതുവഴിയായി ദൈവം എന്താണ് നമ്മോട് ആവശ്യപ്പെടുന്നത് എന്നറിയുന്നതും അങ്ങനെ പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിൽ എങ്ങനെ കൂടുതൽ നന്നായി നമുക്ക് മുന്നേറാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും സഹായകമാകും. വഴിയാത്രക്കാരായ നമുക്ക് ഓരോരുത്തർക്കും ഇതൊരു നല്ല ആത്മപരിശോധന ആയിരിക്കും.

രണ്ടാമതായി, *ഒരുമിച്ചു* യാത്രചെയ്യുക: സിനഡാത്മകമായി ഒരുമിച്ചു യാത്ര ചെയ്യാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നത് [2]. ക്രിസ്ത്യാനികൾ ഒരിക്കലും ഒറ്റയ്ക്കു സഞ്ചരിക്കുവാനല്ല അപരന്റെ പാർശ്വം ചേർന്നു നടക്കാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ സ്വത്വത്തിലേക്കു ഉൾവലിയാനല്ല, മറിച്ച് നമ്മുടെ സ്വത്വത്തെ പുറകിൽ നിറുത്തി ദൈവത്തിന്റെയും

www.malankaralibrary.com

സഹോദരീസഹോദരന്മാരുടെയും സമീപത്തേക്ക് നടന്നുനീങ്ങാനാണ് പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നത് [3]. ഒരുമിച്ചു യാത്രചെയ്യുക എന്നതിന്റെ അർഥം ദൈവ പുത്രരെന്ന നമ്മുടെ പൊതുമഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ (ഗലാ 3:26-28 കാണുക) നമ്മുടെ ഐക്യം ബല പ്പെടുത്തുക എന്നതത്രേ; അതായത്, പറ്റംചേർന്ന് നടക്കുക. മറ്റുള്ളവരെ തള്ളിവീഴ്ത്താതെയും ചവിട്ടിമെതിക്കാതെയും അസൂയയും കാപട്യവും കൂടാതെയും ആരെയും പുറകിലാക്കുകയോ ഒഴിവാക്കുകയോ ചെയ്യാ തെയും പറ്റംചേർന്നുനടക്കുക എന്നതാണിതിനർഥം. നമുക്കെല്ലാവർക്കും ഒരേ ലക്ഷ്യത്തോടെ, സ്നേഹത്തിലും ക്ഷമയിലും, പരസ്പരം ശ്രവി ക്കുന്നവരായി ഒരേ ദിശയിലേക്കു നടക്കാം.

നമ്മുടെ ജീവിതസാഹചര്യങ്ങളായ കുടുംബങ്ങളിലും, നാം സമയം ചെലവഴിക്കുന്ന നമ്മുടെ പ്രവർത്തന സ്ഥലങ്ങളിലും മറ്റുള്ളവരുമായി ഒരുമിച്ചു നടക്കാനും അവരെ ശ്രവിക്കാനും നാം തയ്യാറാണോ എന്നും, അല്ലെങ്കിൽ നാം നമ്മിലേക്കുതന്നെ ഉൾവലിഞ്ഞുകൊണ്ട് നമ്മുടെ ആവശ്യങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുന്ന രീതിയാണോ നമ്മുടേതെന്നും സ്വയം പരിശോധിച്ചറിയാൻ ദൈവം നമ്മോട് ഈ നോമ്പുകാലത്ത് ആവശ്യപ്പെടുന്നു. മെത്രാന്മാർ, പുരോഹിതർ, സന്യസ്തർ, അല്മായ വിശ്വാസികൾ എന്നീ നിലകളിൽ ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ മറ്റുള്ളവരുമായി സഹകരിക്കാൻ നാം തയ്യാറാണോ എന്നു കർത്തൃ സന്നിധിയിൽ ഇരുന്ന് നമ്മോടുതന്നെ നാം ചോദിക്കണം. കൃത്യമായ പ്രവർത്തനങ്ങളിലൂടെ, വിദൂരസ്ഥരും സമീപസ്ഥരും ആയവരെ സ്വാഗതം ചെയ്യുന്നവിധത്തിൽ നാം പെരുമാറുന്നുണ്ടോ എന്നു ചോദിക്കണം. മറ്റു ള്ളവർ നമ്മുടെ സമൂഹത്തിന്റെ ഭാഗമായിരിക്കുന്നു എന്ന് അവർക്ക് അനുഭവപ്പെടുന്നവിധം അവരെ പരിഗണിക്കാൻ നാം തയ്യാറാണോ, അതോ നാം അവരെ അകറ്റി നിറുത്തുന്നുവോ? [4]. അപ്പോൾ ഇത്, മന സാന്തരത്തിനായുള്ള രണ്ടാമത്തെ ക്ഷണം ആണ്; അതായത്, സിന ഡാത്മകതയ്ക്കായുള്ള ക്ഷണം.

മൂന്നാമതായി, നമുക്ക് *പ്രത്യാശയിൽ* ഒരുമിച്ചു യാത്രചെയ്യാം: എന്തെ ന്നാൽ, നമുക്ക് ഒരു വാഗ്ദാനം നൽകപ്പെട്ടിരിക്കുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമാ 5:5) എന്ന ജൂബിലിയുടെ കേന്ദ്ര സന്ദേശം [5] ആയിരിക്കട്ടെ ഉയിർപ്പ് തിരുനാളിന്റെ വിജയത്തിലേക്കു നയിക്കുന്ന

www.malankaralibrary.com

നമ്മുടെ തപസ്സുകാല യാത്രയുടെ കേന്ദ്രബിന്ദു. *പ്രത്യാശയിൽ രക്ഷ (Spe Salvi)* എന്ന ചാക്രികലേഖനത്തിൽ ബെഡിക്ട് പതിനാറാമൻ പാപ്പാ നമ്മെ പഠിപ്പിച്ചതുപോലെ, "മനുഷ്യന് വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം ആവശ്യമാണ്. അവന് ഇപ്രകാരം പറയാൻ സാധിക്കുന്ന ഉറപ്പ് ആവശ്യമുണ്ട്: 'മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല' (റോമാ 8:38-39)" [6]. എന്റെ പ്രത്യാശയായ ക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു! [7]. അവൻ ജീവിക്കുകയും മഹത്ത്വത്തിൽ വാണരുളുകയും ചെയ്യുന്നു. മരണത്തെ വിജയത്തിലേക്ക് പരിവർത്തനപ്പെടുത്തിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ വിശ്വാസവും വലിയ പ്രത്യാശയും ഇതിൽ അധിഷ്ഠിതമാണ്: ക്രിസ്തുവിന്റെ ഉയിർപ്പ്!

അതിനാൽ ഇതാണ് മാനസാന്തരത്തിലേക്കുള്ള മൂന്നാമത്തെ ക്ഷണം: പ്രത്യാശയിലേക്കുള്ള ക്ഷണം, ദൈവത്തിലും നിത്യജീവനെക്കുറിച്ചുള്ള അവിടത്തെ വാഗ്ദാനത്തിലും ആശ്രയം അർപ്പിക്കുക എന്നത്. ആകയാൽ, നമുക്ക് സ്വയം ചോദിക്കാം: കർത്താവ് എന്റെ പാപങ്ങൾ ക്ഷമിക്കുന്നു എന്ന ബോധ്യം എനിക്കുണ്ടോ? എന്റെ രക്ഷയ്ക്കു ഞാൻ മാത്രം മതി എന്ന ചിന്തയിലാണോ ഞാൻ പെരുമാറുന്നത്? രക്ഷയ്ക്കായി ഞാൻ കാംക്ഷിക്കുകയും അതു പ്രാപിക്കുന്നതിനുവേണ്ടി ദൈവസഹായം അഭ്യർഥിക്കുകയും ചെയ്യുന്നുണ്ടോ? ചരിത്രത്തിലെ സംഭവങ്ങൾ വ്യാഖ്യാനിക്കാനും അങ്ങനെ നീതിക്കും സാഹോദര്യത്തിനും വേണ്ടി പ്രതിജ്ഞാബദ്ധമാവുന്നതിനും നമ്മുടെ പൊതുഭവനമായ ഭൂമിയെകുറിച്ചു കരുതൽ ഉണ്ടാകുന്നതിനും അങ്ങനെ ആർക്കും താൻ ഒഴിവാക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകാതിരിക്കാനുമുള്ള തരത്തിൽ ഞാൻ വ്യക്തമായി ആ പ്രത്യാശ അനുഭവിക്കുന്നുണ്ടോ?

പ്രിയ സഹോദരീസഹോദരന്മാരേ, യേശുക്രിസ്തുവഴി നമുക്ക് ലഭിച്ച ദൈവസ്നേഹത്താൽ, നമ്മെ നിരാശപ്പെടുത്താത്ത പ്രത്യാശയാൽ (റോമാ 5:5 കാണുക), നാം നിലനിറുത്തപ്പെടുന്നു. ആത്മാവിന്റെ ഉറച്ചതും ദൃഢവുമായ നങ്കൂരമാണ് [8] പ്രത്യാശ. എല്ലാവരും രക്ഷിക്കപ്പെടുന്നതിനായി (1 തിമോ 2:4) പ്രാർഥിക്കാനും തന്റെ വരനായ ക്രിസ്തുവുമായി സ്വർ

www.malankaralibrary.com

ഗീയ മഹിമയിൽ സംയോജിക്കപ്പെടുന്നതിലേക്കു ഉറ്റുനോക്കാനും അത് സഭയെ പ്രേരിപ്പിക്കുന്നു. ആവിലായിലെ വിശുദ്ധ ത്രേസ്യയുടെ പ്രാർഥന ഇതായിരുന്നു: പ്രത്യാശിക്കുക, എന്റെ ആത്മാവേ, പ്രത്യാശിക്കുക. നിനക്ക് ആ ദിവസമോ മണിക്കൂറോ അറിയില്ല. ശ്രദ്ധാപൂർവ്വം വ്യാപരിക്കുക; എന്തെന്നാൽ, നിങ്ങളുടെ ക്ഷമയില്ലായ്മ ഉറപ്പുള്ളതിനെ സംശയിക്കുകയും വളരെ കുറഞ്ഞ സമയത്തെ ദീർഘമായി കരുതുകയും ചെയ്യുമ്പോൾ, എല്ലാം പെട്ടെന്നു കടന്നുപോകും (*ആത്മാവിന്റെ ദൈവത്തോടുള്ള പ്രഘോഷണങ്ങൾ* [***The Exclamations of the Soul to God***], 15:3) [9].

പ്രത്യാശയുടെ മാതാവായ പരിശുദ്ധ കന്യകമറിയം നമുക്കുവേണ്ടി പ്രാർഥിക്കുകയും നമ്മുടെ തപസ്സുകാലയാത്രയിൽ നമ്മെ അനുഗമനം ചെയ്യുകയും ചെയ്യുമാറാകട്ടെ.

രക്തസാക്ഷികളായ വിശുദ്ധ പോൾ മിക്കിയുടെയും സഹചരന്മാരുടെയും സ്മരണാദിനമായ ഫെബ്രുവരി 6, 2025-ൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നൽകപ്പെട്ടത്.

ഫ്രാൻസിസ് പാപ്പാ

[1] Cf. Encyclical Letter Dilexit Nos (24 October 2024), 220 .
[2] Cf. Homily for the Mass and Canonization of Giovanni Battista Scalabrini and Artemide Zatti, 9 October 2022.
[3] Ibid.
[4] Ibid.
[5] Cf. Bull Spes Non Confundit , 1.
[6] Encyclical Letter Spe Salvi (30 November 2007), 26.
[7] Cf. Easter Sequence.
[8] Cf. Catechism of the Catholic Church , 1820.
[9] Ibid, 1821.

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

www.malankaralibrary.com

ലേഖനം

യേശുവിന്റെ പ്രാർഥനകൾ

(കഴിഞ്ഞ ലക്കം തുടർച്ച)

"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ"

പ്രാർത്ഥിക്കുന്നയാൾ തനിക്കു വേണ്ടി ചെയ്യുന്ന രണ്ടാമത്തെ അപേക്ഷയാണിത്. ഈ അപേക്ഷയിൽ രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാമത്തേത് കടങ്ങൾ ക്ഷമിക്കണമെന്ന അപേക്ഷയാണ്. രണ്ടാമത്തേത് ക്ഷമ ചോദിക്കുന്നതിനുള്ള ന്യായികരണമാണ് - 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ' എന്നത്. ഈ രണ്ടാം ഭാഗത്തുനിന്ന് ഈ ലക്കത്തിലെ ചിന്ത ആരംഭിക്കാം.

ഈ അപേക്ഷയിൽ ഭൂതകാലവും ഭാവികാലവും ഉപയോഗിച്ചിരിക്കുന്നു. ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെന്നത് ഭാവികാലത്തിലാണ്. ഞങ്ങൾ ക്ഷമിച്ചതുപോലെ എന്നത് ഭൂതകാലത്തിലാണ്. അതായത് ഞങ്ങൾ ക്ഷമിച്ചു കൊള്ളാം എന്ന വാഗ്ദാനമല്ല ഇവിടെയുള്ളത്, മറിച്ചു ഞങ്ങൾ ക്ഷമിച്ചിരിക്കുന്ന എന്ന പ്രസ്താവനയാണ്. ഈ അപേക്ഷയിലെ ഈ രണ്ടു ഭാഗവും ഒരുമിച്ചു മനസ്സിലാക്കിയാൽ ക്രൈസ്തവമതജീവിതത്തിന്റെ ഒരു സമ്പൂർണ്ണ ചിത്രം ഇതിൽ അടങ്ങിയിരിക്കുന്നുവെന്ന് കാണാനാകും



ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

ആരാധിക്കുന്നവൻ എങ്ങനെയുള്ളവനായിരിക്കണമെന്നതാണ് ക്രൈസ്തവ ആരാധനയിലെ പ്രധാന ചിന്ത. ആരാധനയുടെ സമയം, വിധം, സ്ഥലം, ഉപയോഗിക്കുന്ന ഭാഷ, പ്രാർത്ഥിക്കുന്നവന്റെ ശരീരത്തിന്റെ നില, ഉപയോഗിക്കുന്ന വാക്കുകളുടെ സൗന്ദര്യം, പദഘടന എന്നിങ്ങനെ അനേക കാര്യങ്ങൾ ഉൾപ്പെട്ടതാണ് ആരാധന. എന്നാൽ ഇവയെല്ലാം ആരാധനയിൽ രണ്ടാം സ്ഥാനം മാത്രമാണുള്ളതെന്നും, പ്രാർത്ഥിക്കുന്നവന്റെ ആന്തരിക അവസ്ഥയ്ക്കുമാത്രമാണ് ഒന്നാം സ്ഥാനമെന്നും പഠിപ്പിക്കുകയാണ് യേശു ഇവിടെ ചെയ്യുന്നത്. മറ്റു പല ഉപദേശങ്ങളിലൂടെയും ഉപമകളിലൂടെയും യേശു നല്കിയ പ്രാധാന്യങ്ങൾ ഈ അപേക്ഷയിൽ അടങ്ങിയിരിപ്പുണ്ട്. അവയിൽ ചിലത് ഇവിടെ അനുസ്മരിക്കുന്നത് നല്ലതാണ്.

യേശു രണ്ടുപേർ പ്രാർത്ഥിക്കാൻ പോയതിനെപ്പറ്റി ഒരു ഉപമ പറഞ്ഞി

www.malankaralibrary.com



ട്ടുണ്ട്, ലൂക്കായുടെ സുവിശേഷത്തിൽ (18:9-14). ഒരാൾ ഫരിസേയനാണ്, മറ്റേയാൾ ചുങ്കക്കാരനും. അവരുടെ പ്രാർത്ഥനയുടെ വീതി വിശദമായി യേശു വിവരിക്കുന്നു. ഫരിസേയൻ നിന്നുകൊണ്ടാണ് പ്രാർത്ഥിച്ചത്. ഫരിസേയൻ ദേവാലയത്തിന്റെ പ്രധാന ഭാഗത്തുനിന്നു കൊണ്ട് പ്രാർത്ഥിച്ചുവെന്നുവേണം യേശുവിന്റെ വർണനയിൽ നിന്നു മനസ്സിലാക്കാൻ. എന്നാൽ ചുങ്കക്കാരൻ ദൂരെ നിന്ന് പ്രാർത്ഥിച്ചുവെന്ന് എടുത്തു പറഞ്ഞിരിക്കുന്നു. അതുപോലെ അയാൾ സ്വർഗ്ഗത്തിലേയ്ക്കു നോക്കാൻ പോലും ധൈര്യപ്പെട്ടില്ല എന്നും മാറത്തടിച്ചുവെന്നും വിവരിച്ചിരിക്കുന്നു. ഈ വിശദാംശങ്ങളിലുള്ള വൈരുദ്ധ്യമാണോ പ്രാർത്ഥനയുടെ ഫലത്തിൽ വ്യത്യാസമുണ്ടാകാൻ കാരണം തീർച്ചയായുമല്ല. ഇവരുടെ ആന്തരിക ഭാവത്തിലുള്ള വ്യത്യാസം സൂചിപ്പിക്കാൻ വേണ്ടി മാത്രമാണ് ഈ വിശദാംശങ്ങൾ വിവരിച്ചിരിക്കുന്നത്. യേശു ഒരിടത്തും പ്രാർത്ഥനയിൽ ശാരീരിക നിലയ്ക്കും ബാഹ്യമായ മറ്റെന്തിനെങ്കിലും പ്രാധാന്യമുള്ളതായി പറയുന്നില്ല. പൊതുവായ ആരാധനയിൽ എല്ലാവരും ഒരേ ശാരിരിക നില സ്വീകരിക്കുന്നത് ശ്രദ്ധ പതറിപ്പോകാതിരിക്കാൻ പ്രയോജനപ്രദമായെന്നുവരാം. എന്നാൽ അതൊന്നുമല്ല ആരാധനയെ ആരാധനയാക്കുന്നത്. എന്നാൽ പ്രാർത്ഥിക്കുന്നവന്റെ ആന്തരികസ്ഥിതി എല്ലാറ്റിനെയുംകാൾ പ്രാധാനമാണ്. ആ ആന്തരികസ്ഥിതിയെ സ്നേഹമെന്ന് പുതിയ നിയമം വിളിക്കുന്നു. സ്നേഹമെന്നു വച്ചാൽ വിദ്വേഷം ഇല്ലാതിരിക്കുകയെന്നു മാത്രമല്ല. വിദ്വേഷം ഇല്ലാതിരിക്കുകയല്ല, ഭാവാത്മകമായി അന്യരെ, നമുക്ക് ഇഷ്ടമുള്ളവരെയോ സ്വന്തക്കാരെയോ മാത്രമല്ല, എല്ലാവരെയും സ്നേഹിക്കുകയെന്നതാണ് പ്രാർത്ഥനയെ ഫലവത്താക്കുന്ന പ്രധാനഘടകം.

മുകളിൽക്കണ്ട ഉപമയിൽ ഫരിസേയന്റെ പ്രാർത്ഥന അയാളുടെ ആന്തരാത്മാവിന്റെ സ്ഥിതി വ്യക്തമാക്കുന്നുണ്ട്. അയാൾക്ക് ആരോടെങ്കിലും വിരോധമുള്ളതായി തോന്നുന്നില്ല. ആർക്കെങ്കിലും തിന്മയുണ്ടാകണമെന്ന് അയാൾ ആശിക്കുന്നതായും തോന്നുന്നില്ല. പക്ഷേ മറ്റുള്ളവരുമായി ഐക്യപ്പെടാൻ ആയാൾക്കു കഴിയുന്നില്ല. അയാളും പാപികളും തമ്മിലുള്ള വ്യത്യാസം, അയാളും ആ ചുങ്കക്കാരനും തമ്മിലുള്ള വ്യത്യാസം-ഇതൊക്കെയാണ് അയാളുടെ പ്രാർത്ഥനയിൽ മുഴച്ചു നില്ക്കുന്നത്; ഇത് സ്നേഹശൂന്യതയുടെ ഒരു വശമാണ്. വ്യത്യാസ

www.malankaralibrary.com

ങ്ങൾക്ക് അതീതമായി ചിന്തിക്കാൻ അയാൾക്ക് കഴിയുന്നില്ല. അതിനാൽ അയാളുടെ പ്രാർത്ഥന ഫലശൂന്യ മായി.

മത്തായിയുടെ സുവിശേഷത്തിൽ (5:23-24) പ്രാർത്ഥനയെപ്പറ്റി മറ്റൊരു പാഠം പഠിപ്പിക്കുന്നു: 'നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യപ്പെടുക; പിന്നെ വന്നു ബലിയർപ്പിക്കുക". വളരെ കഠിനമായ ഒരു ഉപദേശമാണിത്. രണ്ടു കാര്യങ്ങൾ ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ഒന്നാമത്തേത്, ബലിയർപ്പിക്കാൻ വരുന്നവൻ സഹോദരനോടു വിദ്വേഷമുണ്ടെന്നല്ല യേശു പറയുന്നത്. മറിച്ച്, സഹോദരന് ബലിയർപ്പിക്കാൻ വരുന്നവനോടു വിരോധമുണ്ടെങ്കിൽ എന്നാണ്. മറ്റുള്ളവർക്ക് ബലിയർപ്പിക്കാൻ വരുന്നവരോടു വിരോധമുണ്ടാകുന്നത് ആരുടെ ഉത്തരവാദിത്വമാണ്? ബലിയർപ്പകൻ ഉത്തരവാദിയാണോ? ബലിയർപ്പകൻ മറ്റുള്ളവരുടെ വിരോധം തീർക്കാൻ കഴിയണമെന്നുണ്ടോ? ആർക്കും ആരോടും ഒരു വിരോധവുമില്ലാത്ത സ്ഥിതി എന്തെങ്കിലും ഉണ്ടാകുമോ? അത് സാധ്യമല്ലെങ്കിൽ ബലിയർപ്പണമോ നടക്കാതെ പോകില്ലേ. ഇങ്ങനെ അനേകം ചോദ്യങ്ങൾ ഇവിടെ ഒളിച്ചിരിപ്പുണ്ട്. ഇങ്ങനെയൊരു കല്പന തരാൻ യേശുവിലും പ്രേരിപ്പിച്ച



സത്യം എന്നതാണ് നാം ചിന്തിക്കേണ്ടത്. അത് ഇങ്ങനെ കുറിക്കാം.

ക്രൈസ്തവ ജീവിതത്തിൽ ഏറ്റവും പ്രധാനം സ്നേഹജീവിതമാണ്, ബലിയർപ്പണയോ മറ്റെതെങ്കിലും കർമ്മങ്ങളോ അല്ല. സ്നേഹജീവിതത്തിന്റെ ബാഹ്യമായ പ്രകടനമാണ് കർമ്മങ്ങൾ.

സ്നേഹജീവിതം അദൃശ്യമാണ്. സ്നേഹം കാണാനോ സ്പർശിക്കാനോ ഏതെങ്കിലും ഇന്ദ്രിയം കൊണ്ട് മനസ്സിലാക്കാനോ കഴിയുന്നതല്ല. ഇതു അദൃശ്യവും, അസ്പർശ്യവും, ഇന്ദ്രിയഗോചരമല്ലാത്തതുമായ ആന്തരിക ഭാവത്തിന്റെ ബാഹ്യമായ അടയാളങ്ങളാണ് ആരാധന. അടയാളം അടയാളപ്പെടുത്തണം, ആന്തരികതയെയാണ് അത് അടയാളപ്പെടുത്തുന്നത്. ആന്തരികതയില്ലെങ്കിൽ എങ്ങനെ അടയാളപ്പെടുത്തും? അപ്പോൾ ആരാധന ആരാധയേ അല്ലാതാകും. ഇതാണ് പ്രശ്നം. ക്രൈസ്തവജീവിതത്തിൽ ആരാധന എളുപ്പമല്ല. അറിയപ്പെടുന്ന പല ആരാധനകളും ആരാധനയേ അല്ല.

(തുടരും...)

www.malankaralibrary.com

കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ (ലൂക്ക 11:1)



ബ്രദർ തോമസ് പോൾ കൊടിയൻ

(കഴിഞ്ഞലക്കം തുടർച്ച.....)

കർത്തൃപ്രാർത്ഥന വിശുദ്ധ കുർബാനയിൽ

'പറേസ്സിയ' (പുത്രസഹജമായ ധീരത)

പുത്രസഹജമായ ധീരതയോടെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവി"നോട് പ്രാർത്ഥിക്കാൻ ക്ഷണിക്കപ്പെടുന്നു. യേശുവിന് മാത്രമേ ആ ദൈവീക വിശുദ്ധിയുടെ പടിവാതിൽ കടക്കുവാൻ സാധിച്ചുള്ളൂ. കാരണം, പാപത്തിന് പരിഹാരം ചെയ്തതിനു ശേഷം അവൻ നമ്മെ പിതാവിന്റെ സാന്നിധ്യത്തിൽ കൊണ്ടുവന്നു. ഇതാ ഞാനും എനിക്ക് ദൈവം തന്ന മക്കളും (ഹെബ്രായർ 2:13, CCC 2777). സഭാ പിതാക്കന്മാരിൽ ശ്രേഷ്ഠനും വേദപാരംഗതനുമായ വിശുദ്ധ പീറ്റർ ക്രിസോലോഗോസ് (c 350-450 AD - Italian bishop, also known as Doctor of Homilies)-ന്റെ പ്രബോധനം ശ്രദ്ധേയമാണ്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് നാം പ്രാർത്ഥിക്കുമ്പോൾ' നമ്മുടെ പിതാവിന്റെ തന്നെ അധികാരവും നമ്മുടെ ഹൃദയത്തിൽ "ആബ് ബാ പിതാവേ" എന്നുവിളിക്കുന്ന അവിടുത്തെ പുത്രന്റെ ആത്മാവും... നമ്മെ പ്രേരിപ്പിച്ചിരുന്നില്ലെങ്കിൽ "നാം അടിമകളാണെന്ന നമ്മുടെ അവബോധം ഭൂമിയുടെ അടിത്തട്ടിലേക്കു മുങ്ങിമറയാൻ നമ്മെ നിർബന്ധിക്കുകയും നമ്മുടെ ഭൗമികാവസ്ഥ പൊടിയിൽ ലയിച്ചു ചേരുകയും ചെയ്യുമായിരുന്നു. മനുഷ്യൻ അവന്റെ അന്തസ്സത്തയിൽ അത്യുന്നതന്റെ ശക്തിയാൽ ചൈതന്യവത്താക്കപ്പെടുന്നില്ലെങ്കിൽ പിന്നെ എപ്പോഴാണ് മർത്യൻ ദൈവത്തെ പിതാവേ എന്നു വിളിക്കുവാൻ ഒരുമ്പെടുന്നത്?" (St. Peter Chrysologus).

സ്നേഹമുള്ളവരെ, നാം സ്വർഗ്ഗ

www.malankaralibrary.com

സ്ഥനായ ഞങ്ങളുടെ പിതാവേ എന്ന കർത്തൃപ്രാർത്ഥനയുടെ വളരെ പ്രധാനമായ ഒരു പ്രബോധനത്തിലേക്ക് ഈ ലക്കത്തിൽ കടക്കുകയാണ്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് എന്തു മനോഭാവത്തോടെയാണ് നാം വിളിക്കേണ്ടത് എന്നതാണ് ഈ ലോകത്തിൽ നാം പഠിക്കുന്നത്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് നാം വിളിക്കുമ്പോൾ 5 പ്രധാന കാര്യം സഭ നമ്മെ CCC 2778 ലൂടെ പഠിപ്പിക്കുന്നു. 'കർത്തൃപ്രാർഥനയിലേക്കു നമ്മെ നയിക്കുന്ന ആത്മാവിന്റെ ഈ ശക്തി പൗരസ്ത്യ പാശ്ചാത്യ ആരാധനക്രമങ്ങളിൽ താഴെപ്പറയുന്ന മനോഹരവും സവിശേഷമാംവിധം ക്രിസ്തീയവുമായ പ്രയോഗത്തിലൂടെ അവതരിപ്പിക്കപ്പെടുന്നു:' ഇവിടെ ആ അഞ്ചു കാര്യങ്ങൾ സഭാ നമ്മെ പഠിപ്പിക്കുന്നു.

1. "പറേസ്സിയ, അതായത് വളച്ചുകെട്ടില്ലാത്ത ലാളിത്യം
2. പുത്രസഹജമായ ആശ്രയ ബോധം
3. സന്തോഷപൂർവകമായ ഉറപ്പ്,
4. എളിമനിറഞ്ഞ ധീരത,
5. സ്നേഹിക്കപ്പെടുന്നു എന്ന "ഉറപ്പ്".

ഈ അഞ്ചു കാര്യങ്ങൾ നമ്മുടെ മനസ്സിൽ ദൃഢമായി ഉറപ്പിക്കുന്നതിനെയാണ് പറേസ്സിയ എന്ന് പറയുന്നത്. വിശുദ്ധ പൗലോസ് ശ്ലീഹാ എഫേസോസുകാർക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു "അവനിലുള്ള വിശ്വാസംമൂലം ആത്മധൈര്യവും ദൈവത്തെ സമീപിക്കാൻ സാധിക്കുമെന്ന പ്രത്യാശയും നമുക്കുണ്ട്." (എഫേസോസ് 3 : 12) ആത്മധൈര്യവും പ്രത്യാശയിലുള്ള അഭിമാനവും അവസാനംവരെ നാം മുറുകെപ്പിടിക്കണം എന്ന് ഹെബ്രായർക്കുള്ള ലേഖനത്തിൽ പറയുന്നു. "ക്രിസ്തു വാകട്ടെ, അവിടുത്തെ ഭവനത്തിൽ പുത്രനെപ്പോലെയാണ്. ആത്മധൈര്യവും പ്രത്യാശയിലുള്ള അഭിമാനവും അവസാനംവരെ നാം മുറുകെപ്പിടിക്കുമെങ്കിൽ നാം അവിടുത്തെ ഭവനമായിരിക്കും" (ഹെബ്രായർ 3 : 6) അതിനാൽ, വേണ്ട സമയത്തു കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്കു പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം (ഹെബ്രായർ 4:16). എന്റെ സഹോദരരേ, യേശുവിന്റെ രക്തമൂലം വിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കാൻ നമുക്കു മനോധൈര്യമുണ്ട്. (ഹെബ്രായർ

www.malankaralibrary.com

10:19). കുഞ്ഞുമക്കളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നമുക്ക് ആത്മധൈര്യം ഉണ്ടായിരിക്കാനും അവന്റെ മുമ്പിൽ ലജ്ജിക്കാതിരിക്കാനും വേണ്ടി അവനിൽ വസിക്കുവിൻ (1 യോഹന്നാൻ 2:28). പ്രിയപ്പെട്ടവരേ, ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, ദൈവത്തിന്റെ മുമ്പിൽ നമുക്ക് ആത്മധൈര്യമുണ്ട്. (1 യോഹന്നാൻ 3:21) അവന്റെ ഇഷ്ടത്തിനനുസൃതമായി എന്തെങ്കിലും നാം ചോദിച്ചാൽ, അവിടുന്നു നമ്മുടെ പ്രാർഥന കേൾക്കും എന്നതാണു നമുക്ക് അവനിലുള്ള ഉറപ്പ് (1 യോഹന്നാൻ 5:14).

ആത്മധൈര്യം

നാം ദൈവമക്കൾ ആണെന്നും നമ്മുടെ കർത്താവീശോമിശിഹായോടൊപ്പം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുവാനുള്ള ആത്മധൈര്യമാണ് ഈ പ്രാർത്ഥനയുടെ നമുക്ക് ഉണ്ടായിരിക്കേണ്ട ഒരു പ്രധാന ബോധ്യം.

"ദൈവം സർവശക്തനായ പിതാവാകുന്നു; അവിടുത്തെ പിതൃത്വവും അവിടുത്തെ ശക്തിയും അന്യോന്യം പ്രകാശിപ്പിക്കുന്നവയാകുന്നു. നമ്മുടെ ആവശ്യങ്ങളിൽ നമ്മെ സഹായിച്ചുകൊണ്ടും നമ്മെ മക്കളായി സ്വീകരിച്ചുകൊണ്ടും "ഞാൻ നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രികളും ആയിരിക്കും എന്നു സർവ ശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു". ദൈവം തന്റെ പിതൃസഹജമായ സർവശക്തിപ്രകടമാക്കുന്നു. അവസാനമായി, തന്റെ അനന്തകാരുണ്യത്താൽ, ഉദാരമായി നമ്മുടെ പാപങ്ങൾ പൊറുത്തുകൊണ്ട് അവിടുന്നു തന്റെ ശക്തി അതിന്റെ ഔന്നത്യത്തിൽ വെളിപ്പെടുത്തുന്നു. മതബോധന ഗ്രന്ഥത്തിൽ 270-ാം ഖണ്ഡികയിലാണ് നാം ഇത് പഠിക്കുന്നത്. ഈ ബോധ്യത്തിലാണ് നാം അവിടുത്തെ ആരാധിക്കേണ്ടത്. ദൈവത്തെ എന്തുകൊണ്ട് നാം ആരാധിക്കുന്നു? സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് നാം വിളിക്കുമ്പോൾ അവിടെ ആത്മധൈര്യവും



www.malankaralibrary.com

ദൈവാശ്രയവും മാത്രമല്ല ദൈവാരാധനയും നമ്മുടെ ഹൃദയത്തിൽ തുടിക്കണം. CCC 2628 നമ്മെ പഠിപ്പിക്കുന്നത് ഈ ദൈവാരാധനയെക്കുറിച്ചാണ്. 'സ്രഷ്ടാവായ ദൈവത്തിന്റെ മുൻപിൽ താൻ ഒരു സൃഷ്ടിയാണെന്ന് അംഗീകരിക്കുന്ന മനുഷ്യന്റെ പ്രാഥമിക മനോഭാവമാണ് ആരാധന. നമ്മെ സൃഷ്ടിച്ച കർത്താവിന്റെ മഹത്ത്വത്തെയും തിന്മയിൽ നിന്നു നമുക്കു മോചനം നൽകുന്ന രക്ഷകന്റെ സർവശക്തിയെയും അതു പ്രകീർത്തിക്കുന്നു. "മഹത്ത്വത്തിന്റെ രാജാവിന് ആത്മാവ് അർപ്പിക്കുന്ന ആദരവാണ് ആരാധന. മഹാപ്രഭാവവാനായ ദൈവത്തിന്റെ മുന്നിലെ ആദരനിർഭരമായ മൗനം. ത്രൈശുദ്ധനും ഏറ്റം സ്നേഹമയനുമായ ദൈവത്തിനു നൽകുന്ന ആരാധന വിനയവുമായി ചേരുകയും നമ്മുടെ യാചനകൾ ശ്രവിക്കപ്പെടുമെന്ന് ഉറപ്പുനൽകുകയും ചെയ്യുന്നു". ഇതാണ് പറേസ്സിയ ആത്മധൈര്യം. ആത്മധൈര്യവും ദൈവാശ്രയവും സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുന്ന ആരാധനാ മനോഭാവത്തിൽ അടങ്ങിയിരിക്കണം. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവിലേക്കുള്ള ആദ്യപാഠം ഈ ബോധ്യത്തിലാണ്.

"പിതാവേ"

മതബോധന ഗ്രന്ഥത്തിൽ 2779 -ൽ നമ്മെ പഠിപ്പിക്കുന്നത് ഇപ്രകാരമാണ്. "കർത്തൃപ്രാർഥനയുടെ ആദ്യത്തെ "സംബോധന" സ്വന്തമാക്കും മുൻപ്, നാം നമ്മുടെ ഹൃദയങ്ങളെ, "ഈ ലോകത്തിൽനിന്ന്" സ്വീകരിച്ച കപടവിഗ്രഹങ്ങളിൽനിന്നു ശുദ്ധീകരിക്കേണ്ടതുണ്ട്. എളിമയാണ് നമ്മെ ഒരു യാഥാർഥ്യം അംഗീകരിക്കുന്നതിനു പ്രാപ്തരാക്കുന്നത്: "പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തുവാൻ മനസ്സാകുന്നുവോ, അവനും അതായത് "ശിശുക്കൾ" അല്ലാതെ മറ്റാരും പിതാവിനെയും അറിയുന്നില്ല. ഹൃദയത്തിന്റെ ശുദ്ധീകരണം നമ്മുടെ വ്യക്തിപരവും സാംസ്കാരികവുമായ ചരിത്രത്തിൽനിന്ന് ആവിർഭവിക്കുകയും ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ സ്വാധീനിക്കുകയും ചെയ്യുന്ന പിതൃ-മാതൃ സങ്കൽപങ്ങളെ സ്പർശിക്കുന്നു. നമ്മുടെ പിതാവായ ദൈവം സ്രഷ്ടപ്രപഞ്ചത്തിന്റെ സങ്കൽപങ്ങളെ അതിശയിക്കുന്നു. ഈ തലത്തിൽ നമുക്കുള്ള ആശയങ്ങൾ 'ദൈവത്തിൻമേൽ അടിച്ചേൽപ്പിക്കുന്നത്, ആരാധിക്കാനും നിലംപരിശാക്കാനുമായി വിഗ്ര

www.malankaralibrary.com

ഹങ്ങൾ നിർമിക്കുന്നതിനു തുല്യമാണ്. പിതാവിനോടു പ്രാർഥിക്കുക എന്നാൽ ദൈവം ആയിരിക്കുന്ന രീതിയിലും പുത്രൻ നമുക്കു വെളിപ്പെടുത്തിത്തന്നതുപോലെയും ഉള്ള അവിടുത്തെ രഹസ്യത്തിലേക്ക് പ്രവേശിക്കുക എന്നതാണ്:

പിതാവായ ദൈവം എന്ന നാമം ആർക്കും വെളിപ്പെടുത്തപ്പെട്ടിരുന്നില്ല. മോശ തന്നെ ദൈവത്തോട് അവൻ ആരാണെന്നു ചോദിച്ചപ്പോൾ, മറെറാരു പേരാണ് കേട്ടത്. പുത്രനിലാണ് നമുക്ക് അതു വെളിപ്പെടുത്തപ്പെട്ടത്. കാരണം, "പുത്രനു മുമ്പ്" "പിതാവ്" എന്ന നാമം ഇല്ല (Tertullian) ദൈവം പുരുഷനും അല്ല സ്ത്രീയും അല്ല ദൈവമാണ് അവിടുന്ന് മതബോധന ഗ്രന്ഥത്തിൽ 239-ാം ഖണ്ഡികയിൽ വളരെ പ്രത്യേകമായ ചില കാര്യങ്ങൾ പഠിപ്പിക്കുന്നത് ശ്രദ്ധിക്കണം. ദൈവത്തെ "പിതാവ്" എന്നു വിളിക്കുമ്പോൾ വിശ്വാസത്തിന്റെ ഭാഷ രണ്ടു പ്രധാന കാര്യങ്ങൾ സൂചിപ്പിക്കുന്നു: ദൈവം സർവത്തിന്റെയും പ്രഥമ പ്രഭവമാണ്, സർവാതിശായിയായ അധികാരവുമാണ്. അതേസമയം നന്മ സ്വരൂപനും തന്റെ മക്കളെല്ലാവരുടെയും മേൽ സ്നേഹജാഗ്രതയുള്ളവനുമാണ്. ദൈവത്തിന്റെ പിതൃവാത്സല്യം മാതൃത്വത്തിന്റെ പ്രതീകത്തിലൂടെയും പ്രദർശിപ്പിക്കാനാവും. അതു ദൈവവും സൃഷ്ടികളും തമ്മിലുള്ള സഹവാസവും ഗാഢബന്ധവും പ്രകടിപ്പിക്കുന്നതിനു വളരെ സഹായകമാണ്. ഒരുവിധത്തിൽ മനുഷ്യന്റെ മുൻപിൽ ദൈവത്തിന്റെ ആദ്യപ്രതിനിധികളായി നിൽക്കുന്ന മാതാപിതാക്കന്മാരുടെ മാനുഷിക അനുഭവത്തെ ആസ്പദമാക്കിയാണു വിശ്വാസത്തിന്റെ ഭാഷ ഉദ്ഭവിച്ചിരിക്കുന്നത്. എന്നാൽ ഈ അനുഭവം മറെറാരു യാഥാർഥ്യവും നമ്മെ പഠിപ്പിക്കുന്നു. മാതാപിതാക്കന്മാർക്കു തെറെറുപററുകയും അങ്ങനെ അവർ മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും ഛായയ്ക്കു മങ്ങലേൽപിക്കുകയും ചെയ്തേക്കാം. അതിനാൽ, ദൈവം മാനുഷിക ലിംഗഭേദങ്ങൾക്കെല്ലാം അതീതനാണെന്ന സത്യം നാം അനുസ്മരിക്കണം. ദൈവം പുരുഷനുമല്ല സ്ത്രീയുമല്ല: ദൈവമാണവിടുന്ന്. മാനുഷിക മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും പ്രഭവവും മാനദണ്ഡവും ദൈവമാണെങ്കിലും അവിടുന്ന് അവയ്ക്കെല്ലാം അതീതനാണ്; ദൈവം പിതാവായിരിക്കുന്നതുപോലെ മറാരും പിതാവല്ല".

www.malankaralibrary.com

നമുക്ക് ദൈവത്തെ പിതാവേ എന്ന് വിളിക്കാം . കാരണം മനുഷ്യനായി തീർന്ന പുത്രനിലൂടെ അവിടുന്ന് നമുക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. അവിടുത്തെ ആത്മാവും നാം അവിടുത്തെ അറിയുന്നതിന് ഇടയാക്കിയിരുന്നു. മനുഷ്യനെ ചിന്തിക്കാനോ മാലാഖമാർക്ക് എത്തിനോക്കാനോ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ് പുത്രന് പിതാവുമായുള്ള വ്യക്തിപരമായ ബന്ധം. എന്നാൽ യേശുവാണ് ക്രിസ്തുവെന്നും നാം ദൈവത്തിൽ നിന്ന് ജനിച്ചവനാണെന്നും വിശ്വസിക്കുന്ന നമുക്ക് പുത്രന്റെ ആത്മാവ് ആ ബന്ധത്തിന് ഒരു ഭാഗഭാഗത്വം നൽകുന്നു.

"മുമ്പ് ആരും കേട്ടിട്ടില്ലാതിരുന്ന അർഥത്തിൽ, ദൈവം പിതാവാകുന്നുവെന്ന് യേശു വെളിപ്പെടുത്തി: സ്രഷ്ടാവ് എന്ന നിലയ്ക്കു മാത്രമല്ല അവിടുന്നു പിതാവായിരിക്കുന്നത്. തന്റെ ഏകജാതനുമായുള്ള ബന്ധത്തിൽ അവിടുന്ന് എന്നേക്കും പിതാവാണ്; പുത്രനാകട്ടെ, തന്റെ പിതാവിനോടുള്ള ബന്ധത്തിലല്ലാതെ എന്നേക്കും പുത്രനാകുന്നില്ല.. "പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തുവാൻ മന



സ്സാകുന്നുവോ അവനുമല്ലാതെ, മറ്റാരും പിതാവിനെയും അറിയുന്നില്ല." (CCC 240). തുടർന്ന്, CCC 2781 ൽ നാം ഇപ്രകാരം പഠിക്കുന്നു: "നാം പിതാവിനോടു പ്രാർഥിക്കുമ്പോൾ നാം അവിടുത്തോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടും ഐക്യത്തിലാണ്. അങ്ങനെ നാം സർവദാ പുതിയ ആശ്ചര്യത്തോടെ അവിടുത്തെ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നു. കർത്തൃപ്രാർഥനയുടെ ആദ്യത്തെ വാക്യം പ്രാർഥന എന്നതിനേക്കാൾ ആരാധനയുടെ ഒരു സ്തുതിപ്പാണ്. ദൈവത്തെ "പിതാവെന്ന" നിലയിൽ സത്യദൈവമായി അംഗീകരിക്കുന്നത് ദൈവത്തിന് മഹത്വം നൽകുന്നതാണ്. സ്വന്തം നാമം നമുക്കു വെളിപ്പെടുത്തിയതിനും അതിൽ വിശ്വസിക്കാനുള്ള വരം നൽകിയ

www.malankaralibrary.com

തിനും അവിടുത്തെ സാന്നിധ്യത്തിൽ നാം വസിക്കുന്നതിനും നാം അവിടുത്തേക്കു നന്ദിയർപ്പിക്കുന്നു".

സ്നേഹമുള്ളവരേ, ആത്മധൈര്യം! ഈ ലക്കത്തിൽ, നാം "പിതാവേ" എന്ന് വിളിക്കുമ്പോൾ, ഈശോയോട് ചേർന്നു, ഈശോയുടെ പുത്രത്വത്തിന്റെ ആത്മാവിനാൽ നിറഞ്ഞ ആത്മധൈര്യത്തോടെയും ദൈവത്തിന്റെ സർവാധിപത്യത്തെ ഉൾക്കൊണ്ടുള്ള ആരാധനാ മനോഭാവത്തോടെയും നമുക്ക് പ്രാർത്ഥന തുടരാം.

പ്രാർത്ഥനയോടെ,

ബ്രദർ തോമസ് പോൾ ദൈവം അനുഗ്രഹിക്കട്ടെ!

(തുടരും.....)

Happy Feasts

1.	Dr. Thomas Mar Koorilos	March 18
2.	Mar Jose Pulickal	March 19
3.	Mar Joseph Perumthottam	March 19
4.	Mar Joseph Kallarangatt	March 19
5.	Mar Jose Porunnedom	March 19
6.	Most Rev. Dr. Joseph Kalathiparambil	March 19
7.	Rt. Rev. Dr. Joseph Kariyil	March 19
8.	Mar Joseph Pandarasseril	March 19
9.	Rt. Rev. Dr. Joseph Karikkassery	March 19
10.	Mar Joseph Pamplany	March 19

www.malankaralibrary.com

താലന്ത് മാസിക തപാലിൽ ലഭിക്കാൻ

താലന്ത് മാസികയുടെ വാർഷിക സംഖ്യ 180 രൂപ
മൂന്ന് വർഷത്തേയ്ക്ക് 500 രൂപ

ഈ തുക മണിഓർഡർ വഴിയോ താഴെ കാണുന്ന മൊബൈൽ നമ്പറിൽ ഗൂഗിൾ പേ വഴിയോ അയ്ക്കാവുന്നതാണ്.

CONTACT NUMBER
94474 41109

മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്,

വരിസംഖ്യയുടെ കാലാവധി തീർന്നവർ വരിസംഖ്യ പുതുക്കി താലന്ത് മാസികയുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

www.malankaralibrary.com

പാപസർപ്പപിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ



(കഴിഞ്ഞ ലക്കം തുടർച്ച)



എം. കോഴിമണ്ണിൽ

ആദാം തുടർന്നു.

'എണ്ണമറ്റ സ്വർഗ്ഗീയ ദൂതഗണങ്ങളോടൊപ്പം, അവരേപ്പോലെ, നിരന്തരം ദൈവത്തെ സ്തുതിച്ചും മഹത്വപ്പെടുത്തിയും സ്വർഗ്ഗ സൗഭാഗ്യമനുഭവിച്ചു സ്വർഗ്ഗത്തിൽ കഴിഞ്ഞിരുന്ന ലൂസിഫറും കൂട്ടരും അവരുടെ കുറ്റം കൊണ്ടു തന്നെ സ്വർഗ്ഗത്തിൽ നിന്നു പുറന്തള്ളപ്പെടുകയായിരുന്നു. അതു ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ.' .

'അപ്പനിതെങ്ങനെയറിയാം? അപ്പനവിടെ പോയിട്ടുണ്ടോ?' മക്കൾ ചോദിച്ചു.

'കർത്താവ് ആ ഏദൻ തോട്ടത്തിൽ ഞങ്ങളോടൊത്തു നടക്കുമായിരുന്നല്ലോ. അപ്പോൾ കർത്താവു ഞങ്ങളോടു പറഞ്ഞതാണിത്.' ആദാം പറഞ്ഞു.

'കർത്താവു പറഞ്ഞതാണെന്നു പറഞ്ഞ് ഒത്തിരി കാര്യങ്ങൾ അപ്പൻ പറഞ്ഞല്ലോ. ആ സർവ്വസുഖസമൃദ്ധമായ തോട്ടത്തിൽ കഴിയുവാ

www.malankaralibrary.com

നുള്ള ഭാഗ്യം വളരെ കുറച്ചുനാള ത്തേക്കേ ഉണ്ടായിരുന്നുള്ളുവെ ന്നും അപ്പൻ പറയുന്നു. ഈ കുറച്ചു കാലം കൊണ്ടാണോ ഇത്രയും കാര്യങ്ങളൊക്കെ കർത്താവു പറ ഞ്ഞു തന്നത് ?' മക്കൾ ചോദിച്ചു.

'മക്കളെ, ഏദൻ തോട്ടത്തിൽ കർ ത്താവ് ഞങ്ങളോടുകൂടെ ആയി രുന്നപ്പോൾ ഒരു ദിവസം ആയിരം വർഷം പോലെയായിരുന്നു. നമു ക്ക് ആയിരം വർഷമെന്നുള്ളതു കർ ത്താവിന് ഒരു ദിവസം പോലെയും. ആയിരം വർഷം കൊണ്ടു നമുക്കു പറയാൻ പറ്റുന്നതു പറയുവാൻ കർത്താവിന് ഒരു ദിവസം മതി. അതുകൊണ്ടാണ് കുറച്ചു സമയം കൊണ്ട് കർത്താവു ഞങ്ങൾക്ക് വള രെ കാര്യങ്ങൾ പറഞ്ഞു തന്നത്'.

ആദാം മക്കൾക്കു മനസ്സിലാക്കി ക്കൊടുത്തു.

'അപ്പാ, സർപ്പത്തിനു പറ്റിയതൊ ക്കെ അപ്പൻ പറഞ്ഞല്ലോ. നിങ്ങൾ ക്കു രണ്ടു പേർക്കും എന്താണു പറ്റി യത് ? '. മക്കൾ ചോദിച്ചു.

'എന്റെ മക്കളേ, അതു പറയുവാനെ ന്നല്ല ഓർക്കുവാൻ പോലുമുള്ള ശക്തിയില്ലെനിക്ക്. സ്വർഗ്ഗത്തിൽ നിന്നു പുറന്തള്ളപ്പെട്ടവരുടെ കാര്യം ഞാൻ പറഞ്ഞല്ലോ.

അവരെത്തിച്ചേർന്നതു നരക പാതാ ളത്തിലാണല്ലോ.

ദൈവം മനസ്സാ കൊടുത്തതല്ലല്ലോ അത്.

സ്വന്തം കുറ്റം കൊണ്ടു ചെയ്ത തെറ്റിനു സ്വന്തമായി വാങ്ങിച്ചെടു ത്ത ശിക്ഷയാണത്.

ഏതാണ്ട് അതുപോലെയാണ് ഞങ്ങ ളും ഞങ്ങൾ കാരണം നിങ്ങളു മിന്ന്.

മറുതലിച്ച ദൂതന്മാരും ഞങ്ങളും തമ്മിൽ ഒരു വ്യത്യാസമേയുള്ളു.

ഞങ്ങൾ നരകപാതാളത്തിലെത്തി യില്ല.

ഏദനിലെ ജീവിതവുമായി നോക്കു മ്പോൾ ഇപ്പോൾ നമ്മളായിരിക്കു ന്ന മണ്ണിലെ ഈ നരക ജീവിത ത്തിലാണ്.'.

'അപ്പാ നമുക്കിനിയും അങ്ങോട്ടു തിരിച്ചു പോകാൻ പറ്റില്ലേ ? ' മക്കൾ ചോദിച്ചു.

മക്കളെ അന്നവിടെ നടന്ന കാര്യ ങ്ങൾ മുഴുവൻ ഞാൻ പറഞ്ഞി ല്ലല്ലോ. അതു കേൾക്കുമ്പോൾ നിങ്ങൾക്കും വിഷമം തോന്നും ' ആദാം തുടർന്നു.

(തുടരും.....)

www.malankaralibrary.com

ഗാനമൂല - 3



തിരുവുത്ഥാനം

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

പുലരിക്കിളികൾ പാടുകയായ്
പുലർകാലത്തിരി തെളിയുകയായ്
കല്ലറവാതിൽ തുറക്കുകയായ്
കതിരൊളിയെങ്ങും വീശുകയായ്

വിജയത്തിൻ കൊടിപാറുകയായ്
വിനയസ്വരൂപനുയിർക്കുകയായ്
അരുൾചെയ്തതുപോൽ യേശുപരൻ
തിരുവുത്ഥാനം ചെയ്യുകയായ്!

സ്വർഗകവാടം വിടരുകയായ്
മൃതിയുടെ വാതിൽ അടയുകയായ്
ദൂതന്മാരുടെ കുഴൽവിളിയിൽ
ദിക്കുകൾ മുഖരിതമാവുകയായ്!

മനസ്സിൻ മാലുകളകലുകയായ്
മധുരിതനാളുകളണയുകയായ്
മാനവമാനസമുണരുകയായ്
മിശിഹാരാജനുയിർക്കുകയായ്!

www.malankaralibrary.com

(ബൈബിൾ ചെറുകഥ)

രുചിക്കൂട്ട്

ബ്ര. എബിൻ വടവാതൂർ, സെമിനാരി

കെസിബിസി ബൈബിൾ കമ്മീഷൻ നടത്തിയ സാഹിത്യ രചനാ മത്സരത്തിൽ രണ്ടാം സമ്മാനം കരസ്ഥമാക്കിയ നാടകം

ഗലീലിക്കടലിനെ അലതല്ലിയൊഴുകുന്ന, സൂര്യരശ്മികൾക്കൊപ്പം പൈൻ മരങ്ങളെയും ഒലീവുചില്ലകളെയും വിളിച്ചുണർത്തുന്ന കാറ്റ്, പതിവിന് വിപരീതമായി എന്നെ ഒരു ഞെട്ടലോടെയാണ് ഉണർത്തിയത്. തലേ ദിവസത്തെ സംഭവങ്ങൾ എന്റെ മനസ്സിനെ ആകെ ഇളക്കിമറിച്ചിരുന്നു. എന്റെ എഫ്രായിം..ഞാൻ ആ സംഭവത്തെ ഓർത്തെടുക്കാൻ ശ്രമിച്ചു.

"യോവാക്കിം, പണം തരാനുള്ള അവസാന അവധിയും കഴിഞ്ഞു. ഞാൻ നിന്റെ ഈ ആടിനെ എടുക്കുകയാണ്"

"ആഷേർ, അതിനെ കൊണ്ടു പോകരുത്, അതന്റെ മകന് പ്രിയപ്പെട്ടതാണ്, ഞാൻ നിനക്ക്എത്രയും വേഗം പണം തന്നുതിർത്തുകൊളളാം അബ്ബയുടെ നിസ്സഹായത മുഴുവൻ അതിലുണ്ടായിരുന്നു. അയാളുടെ മുഖം പുച്ഛം കൊണ്ട് നിറഞ്ഞു "അവധിയെല്ലാം കഴിഞ്ഞു യൊവാക്കിം. ഞാൻ ഇതിനെ എടുക്കുന്നു രണ്ട് ദിവസത്തിനുള്ളിൽ പണം കൊണ്ടുവന്നാൽ നിനക്കിതിനെ കൊണ്ടുപോകാം, ഇല്ലെങ്കിൽ ഞാനിതിനെ ബലിയർപ്പിക്കാൻ എടുക്കും"

അബ്ബാ അവനെ കൊടുക്കരുത്. അതിനെ കൊണ്ടുപോകരുത്. ഞാൻ പിറകെ ചെന്ന് കരഞ്ഞു പറഞ്ഞതാണ്. അയാൾ എന്റെ എഫ്രായിമിനെ എന്നിൽ നിന്നും അപഹരിച്ചു കൊണ്ടു പോകുന്നത് നിസ്സഹായനായി നോക്കി നിൽക്കാനെ എനിക്കും അബ്ബയ്ക്കും കഴിഞ്ഞുളളു.. ഞാൻ

www.malankaralibrary.com

കട്ടിലിലിരുന്ന് തോറയിലെ സങ്കീർത്തനങ്ങൾ യാന്ത്രികമായി ചൊല്ലി.

കർത്താവാണെന്റെ ഇടയൻ ....എന്റെ കണ്ണു നിറഞ്ഞു പോയി, ഞാൻ ജനൽ വഴി എഫ്രായിമിന്റെ കൂട്ടിലേക്ക് നോക്കി, അതെന്റെ അബ്ബയുടെ ഒഴിഞ്ഞ കൈകൾ പോലെ ശൂന്യമാണ്. സാധാരണ അവനാണ് എന്നെ എഴുന്നേൽപ്പിക്കാറ്. അധികവും മീൻപിടുത്തക്കാരുള്ള ഈ നാട്ടിൽ അവൻ എന്റെ അഭിമാനമായിരുന്നു. അവന്റെയൊപ്പം കളിക്കുന്നതിൽ പരം സന്തോഷം എനിക്ക് മറ്റൊന്നുമില്ലായിരുന്നു, ഞാൻ പതിയെ അടുക്കളയിലേക്ക് പോയി. അമ്മ അവിടെ ബാരലിയപ്പം ചുടുകയാണ്. അബ്ബ അത് അടുക്കിയെടുക്കുന്നു. ഇടയ്ക്ക് അപ്പം രുചിച്ച് നോക്കുന്നുണ്ടെങ്കിലും പ്രത്യാശയുടെ ഒരു കണിക പോലും ആ മുഖത്തില്ലായിരുന്നു. രൂപയുള്ള അപ്പം വിറ്റ് സന്തോഷമായി ജീവിച്ചിരുന്ന അബ്ബയുടെ കരങ്ങൾക്ക് എപ്പോളാണ് ആ രുചികുട്ടിന്റെ മാന്ത്രികത നഷ്ടപ്പെട്ടത്?.... അതാണ് ഇതിനെല്ലാം കാരണം. "ആ നീ നേരത്തെ എഴുന്നേറ്റോ?" അബ്ബ എന്റെ കണ്ണുകളിലേക്ക് നോക്കാതെയാണ് ചോദിച്ചത്, ഞാൻ അവരുടെ അടുത്തേക്ക് ചേർന്ന് നിന്ന് അമ്മയുടെ കൈ പിടിച്ച് ചോദിച്ചു. ഇനി എനിക്കെന്റെ എഫ്രായിമിനെ കാണാൻ പറ്റില്ല? അവൻ ഇനി എന്റെ കൂടെ കളിക്കാൻ ഉണ്ടാവില്ലേ? അമ്മ അബ്ബയെ നോക്കി. എന്റെ ചോദ്യങ്ങൾക്ക് നടുവിൽ, വലയിലകപ്പെട്ട മത്സ്യങ്ങളെ പോലെ അവർ നിസ്സഹായരായി. അബ്ബ എന്റെ കവിളിൽ തലോടിക്കൊണ്ട് പറഞ്ഞു "മോന, നഥാനിയേൽ, അവനെ തിരിച്ചു കൊണ്ടുവരാനുള്ള പണം അബ്ബയുടെ കയ്യിൽ ഇപ്പോൾ ഇല്ല. കച്ചവടം ശരിയാകട്ടെ, അവനെ പോലത്തെ വേറെ നല്ലൊരു ആട്ടിൻകുട്ടിയെ അബ്ബ മേടിച്ച് തരാം".

എഫ്രായിം നഷ്ട്ടപെട്ടതിൽ അബ്ബയ്ക്കും നല്ല വിഷമമുണ്ടെന്നെനിക്കറിയാം. എങ്കിലും അബ്ബയുടെ വാക്കുകൾ എന്ന സമാധാനിപ്പിച്ചില്ല. ഞാൻ വീണ്ടും കൂടിന് അടുത്തേക്ക് ചെന്ന് അവിടെ ഇരുന്നു. അവന്റെ ഓർമ്മകൾ എന്നെ ആഴിയുടെ ആഴത്തിലേക്ക് വലിച്ചു താഴ്ത്തുന്നതായി തോന്നി. ഓർമ്മകൾ കൊണ്ട് അവൻ തന്നിരുന്ന സന്തോഷത്തെ പകരം വെയ്ക്കാൻ ശ്രമിച്ചെങ്കിലും അതെന്നെ കൂടുതൽ സങ്കടത്തിലാക്കുകയാണ്

www.malankaralibrary.com

ചെയ്തത്. അമ്മ പതിയെ വന്ന് എന്റെ തോളിൽ കൈ വെച്ചു എന്നെ മടിയിലിരുത്തി അമ്മ പറഞ്ഞു. 'മോനെ, ഒരിക്കൽ സുഗന്ധകുട്ടുകൾ ചേർത്ത് അബ്ബ ചുടുന്ന അപ്പത്തിനൊക്കെ യാഹ്വേ തന്നിരുന്ന മന്നയുടെ രുചിയായിരുന്നു. അപ്പോഴൊക്കെ നല്ല കച്ചവടവുമായിരുന്നു. പക്ഷെ പിന്നീട് എവിടെയോ അദ്ദേഹത്തിന്റെ രുചിക്കൂട്ടുകൾക്ക് താളപ്പിഴ സംഭവിക്കാൻ തുടങ്ങി. അതോടെ നമ്മുടെ ജീവിതത്തിന്റെ രുചിക്കൂട്ടുകൾക്കും. ഏതെങ്കിലും ചേരുവകളിൽ അൽപ്പം താളപ്പിഴ സംഭവിച്ചാൽ തീരാവുന്നതാണ് ജീവിതത്തിന്റെ രൂചിക്കൂട്ടും. അബ്ബയുടെ വിഷമവും നിസ്സാഹായതെയും നീ മനസ്സിലാക്കണം. നീയും അദ്ദേഹത്തെ വിഷമിപ്പിക്കരുത്, അബ്ബയുടെ കൈകൾക്ക് രൂപിക്കുട്ടിന്റെ താളം തിരിച്ച് കിട്ടാൻ യാഹ്വേയോട് പ്രാർത്ഥിക്കാം." അമ്മയുടെ വാക്കുകൾ എന്നിൽ ഭൂതകാലത്തിന്റെ അനന്ദവും ഭാവികാലത്തിന്റെ പ്രത്യാശയും പകർന്ന്, വർത്തമാനത്തിന്റെ വിരസതയിൽ നിന്നും മോചിപ്പിച്ചതായി തോന്നി. ഒരു ഇടയൻ തന്റെ ആടുകളെ ശരിയായ ദിശയിലേക്ക് നയിക്കുന്നതു പോലെ, ശരിയായ ചേരുവകൾ കൊണ്ട് ഭക്ഷണം രുചികരമാകുന്ന പോലെ, അമ്മയുടെ വാക്കുകൾ എന്നെ മറ്റൊരു ചിന്തയിലേക്ക് നയിച്ചു. ഇനിയും രണ്ട് ദിവസം കൂടിയുണ്ട്. ഒരു പക്ഷെ യാഹ്വേ കനിഞ്ഞാൽ... ഞാൻ ആകാശങ്ങളിലേക്ക് നോക്കി പറഞ്ഞു.

യാഹ്വേ, എന്റെ അബ്ബയുടെ കരങ്ങൾക്ക് രുചി കൂട്ടിന്റെ ആ മാന്ത്രികത വീണ്ടും നൽകു. എന്റെ എഫ്രായിമിനെ എനിക്ക് തിരിച്ച് തരു.. ഒരു പക്ഷെ എന്റെ ഒരു പ്രവാചക ശബ്ദമായിരുന്നെങ്കിൽ പെട്ടന്ന് ഉത്തരം നല്കുമായിരുന്നു എന്ന് എനിക്ക് തോന്നി. ഞാൻ അമ്മയെ നോക്കി പറഞ്ഞു 'അമ്മാ, ഇന്നു ഞാനും വരാം ഭക്ഷണശാലയിലേക്ക്, അപ്പം വിൽക്കാൻ എന്നെ കൊണ്ടാകുന്നത് ഞാനും ചെയ്യാം. ഒരുപക്ഷെ നമുക്ക് മുന്നൂറ് ദനാറ ഉണ്ടാക്കാൻ പറ്റിയാൽ എനിക്കെന്റെ എഫ്രായാമിനെ തിരിച്ച് മേടിക്കാലോ.

രൂചി കുറവുള്ള, അപ്പം മുന്നൂറ് ദനാറയ്ക്ക് വിൽക്കാൻ പറ്റുമോ എന്നൊരു സംശയം അമ്മയുടെ മുഖത്ത് കണ്ടെങ്കിലും, എന്നെ നിരു

www.malankaralibrary.com

സാഹപ്പെടുത്തണ്ട എന്ന് കരുതിയായിരിക്കണം അമ്മ തിരിച്ചൊന്നും പറഞ്ഞില്ല. ഒരു പതിന്നാലു വയസ്സുകാരനിൽ നിന്നും ആളുകൾ അല്പം ഒരു ദയയുടെ പുറത്തെങ്കിലും വാങ്ങും എന്നൊരു വിശ്വാസം മാത്രമേ എനിക്കുണ്ടായിരുന്നുള്ളു. അബ്ബ അപ്പമെല്ലാം കഴുതയുടെ പുറത്ത് കെട്ടാൻ തുടങ്ങി. എവിടെയൊക്കെയോ രൂചി നഷ്ടപെട്ട അബ്ബയുടെ അപ്പം പേറുന്ന ആ കഴുതയിൽ, സ്വപ്നങ്ങൾ ഒരു ഭാരമായി ചുമക്കുന്ന ആരെയൊക്കെയോ ഞാൻ കണ്ടു. 'വേഗം ഇറങ്ങു സാറാ, മീൻ പിടിക്കാൻ പോയവരെല്ലാം തിരിച്ചെത്താൻ നേരമായി' ഉള്ള കച്ചവടം കൂടി കുറയും അബ്ബയുടെ വാക്കുകളിൽ നിരാശയും, നിസ്സഹായതും മുഴങ്ങിയിരുന്നത് വ്യക്തമായിരുന്നു, ഞങ്ങൾ ഗലീലിയുടെ പ്രാന്തപ്രദേശങ്ങളിലൂടെ ഭക്ഷണശാല ലക്ഷ്യമാക്കി നടക്കുന്തോറും എന്റെ എഫ്രായിം എന്റെ അടുക്കലേക്ക് തുള്ളിചാടി വരുന്നത് ഞാൻ സ്വപനം കണ്ടു. അബ്ബ പാചകത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്യാൻ തുടങ്ങി. നല്ല ഭക്ഷണശാലകൾ അധികമുള്ളതിനാൽ അധികം ആളുകളും അങ്ങോട്ടെ പോകൂ.

ഞാൻ പുറത്ത് പോയി ആളുകളുടെ അടുത്തേക്ക് ചെന്ന് അപ്പം വിൽക്കാൻ പറ്റുവോ എന്ന് നോക്കാം. "അധികം ദൂരത്തേക്ക് പോകരുത് അമ്മ ഓർമ്മിപ്പിച്ചു, ഞാൻ തലകുലുക്കി സമ്മതിച്ചശേഷം ഏഴ് അപ്പം എടുത്ത് പുറത്തേക്ക് ഓടി. ഒരോരുത്തരുടെ അടുത്ത് ചെന്ന് ചൂടപ്പം.. ചൂടപ്പം .. എന്ന് ഉറക്കെ വിളിച്ച് പറയാൻ തുടങ്ങി. ഒരു മീൻ പിടുത്തക്കാരന്റെ അടുത്ത് ചെന്ന് ഞാൻ ചോദിച്ചു നല്ല സ്വാദുള്ള അപ്പമാണ്. കഴിച്ചു നോക്കു

"എത്ര ദനാറയാണ്?

ഏഴെണ്ണത്തിന് രണ്ട് ദനാറ ഞാൻ ആവേശത്താടെ പറഞ്ഞു, അയാൾ എന്റെ കയിൽ നിന്നും അപ്പം വാങ്ങി കഴിച്ചു.

"ഇതാ യൊവാക്കിമിന്റെ കടയിലെ അപ്പമാണല്ലേ"? പണ്ട് ഇയാളുടെ അപ്പത്തിന് നല്ല രുചിയായിരുന്നു. എനിക്ക് രണ്ട് എണ്ണം മതി "അയാൾ ബാക്കി അപ്പം എനിക്ക് തിരിച്ചു തന്നു. ഒരു പക്ഷെ ഞാനൊരു ബാലനായതുകൊണ്ടാകും അയാൾ അധികമൊന്നും പറയാതിരുന്നത്, അയാൾ

www.malankaralibrary.com

തന്റെ കുട്ടയിൽ നിന്നും രണ്ട് കഷണം വറുത്ത മീൻ എടുത്ത് എനിക്ക് തന്നിട്ടു പറഞ്ഞു' വറുത്ത മീൻ കൂട്ടാതെ ഇത് കഴിക്കാൻ പറ്റില്ല" ഞാൻ കഴിച്ച അപ്പത്തിന് ഈ രണ്ട് വറുത്ത മീൻ തന്നെ കൂടുതലാണ് എങ്കിലും വെച്ചോളു..എന്തോ ഉദാരമായി തന്നതു പോലെയാണ് അയാൾ സംസാരിച്ചത്, ഞാൻ അയാൾ പോകുന്നത്. നോക്കി നിന്നു. ഈ പരിസരത്ത് നിന്നും മാറിയാലെ അപ്പം വിറ്റു പോകൂ എന്നെനിക്ക് മനസ്സിലായി. ഞാൻ പതിയെ മുമ്പോട്ട് നടക്കാൻ തുടങ്ങി. പെട്ടെന്ന് അരോ എന്റെ പിറകിൽ കൈവച്ചു. ഞാൻ കൈകുടഞ്ഞ് അവനോട് ചോദിച്ചുപെട്ടന്ന് ആരോ എന്റെ പിറകിൽ കൈവെച്ചു. ഞാൻ തിരിഞ്ഞ് നോക്കി. മനാസ്സെയാണ്. എന്റെ പ്രിയ ചങ്ങാതി.

നീ എന്താ അപ്പവുമായി ഈ വഴിയിൽ നിൽക്കുന്നത്? അവൻ കൈയെടുക്കാതെ ചോദിച്ചു. ഞാൻ ഇന്നലെ നടന്ന സംഭവമെല്ലാം അവനോട് പറഞ്ഞു. രണ്ട് ദിവസത്തിനുള്ളിൽ മുന്നൂറ് ദനാറ നല്കിയില്ലെങ്കിൽ അയാൾ എന്റെ എഫ്രായിമിനെ ബലിയർപ്പിക്കും. അല്ലെങ്കിലും ആ ആഷേർ ഇപ്പോൾ വലിയ കൊള്ളപലിശക്കാരനായി മാറുന്നുണ്ട്. മനാസ്സെ എന്തോ ആലോചിച്ചശേഷം പെട്ടന്ന് എന്നെ പിടിച്ച് മുമ്പോട്ട് നടക്കാൻ തുടങ്ങി. നീ എങ്ങോട്ടാണ് എന്നെ കൊണ്ടുപോകുന്നത്? ഞാൻ കൈകുടഞ്ഞ് അവനോട് ചോദിച്ചു. "അവിടെ, ആ മലയിൽ യേശു വരുന്നുണ്ട്, നിന്റെ പ്രശ്നങ്ങൾക്കെല്ലാം ചിലപ്പോൾ അവിടെ ചെന്നാൽ പോംവഴി ലഭിക്കും. നീ ഈ പറയുന്ന യേശു ആരാണ് ? ഞാൻ സംശയത്തോടെ ചോദിച്ചു.

നീ ഇതുവരെ അദ്ദേഹത്തെക്കുറിച്ച് കേട്ടിട്ടില്ല? അദ്ദേഹം ഒരു മാന്ത്രികനാണ്, അദ്ദേഹത്തിന്റെ കൈയിൽ വസ്തുകൾക്ക് രൂചി പകരാനും, നഷ്ടപെട്ടത് തിരിച്ച് തരാനുമുള്ള അത്ഭുതസിദ്ധികളുണ്ട്. ചിലർ അദ്ദേഹം ഏലിയാ ആണെന്നും പറയുന്നു. ഒരിക്കൽ അദ്ദേഹം കാനായിൽ വെറും പച്ചവെള്ളത്തെ രൂചിപകരുന്ന വീഞ്ഞാക്കി മറ്റി. അതിന് സവിശേഷമായൊരു രൂപിയായിരുന്നു എന്നാണ് അത് കൂടിച്ചവർ പറഞ്ഞത്. അയാൾ പാവപ്പെട്ടവരെ ഒത്തിരി സഹായിക്കുന്നുണ്ട്, അയാൾ

www.malankaralibrary.com

തുപ്പൽക്കൊണ്ട് ചെളിയുണ്ടാക്കി ഒരന്ധന്റെ കണ്ണുകളിൽ പുരട്ടിയ പോൾ അയാൾക്ക് കാഴ്ച്ച കിട്ടിയപ്പോലും ഞാൻ ചിന്തിച്ചു നോക്കി ഒരു പക്ഷെ പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റാനറിയാമെങ്കിൽ അദ്ദേഹത്തിന് എന്റെ അബ്ബയുടെ ഭക്ഷണത്തിന് രൂചി കൂട്ടുന്ന ഒരു മാന്ത്രികരുചിക്കൂട്ട് പറഞ്ഞ് തരാനാകുമായിരിക്കും, ഇനി അദ്ദേഹം എലിയായാണെങ്കിൽ പണ്ട് വിധവയെ സഹായിച്ചതു പോലെ എന്നെയും സഹായിക്കുമായിരിക്കും, എന്റെ ഈ രൂചി കുറഞ്ഞഅപ്പം അദ്ദേഹത്തിന്റെ കൈകളിൽ കൊടുത്ത് വളരെ സ്വാധിഷ്ടമായ ഒന്നാക്കി മാറ്റണം. ഞാൻ ഉറപ്പിച്ചു. അങ്ങനെയെങ്കിൽ എന്റെ പ്രശ്നങ്ങളും അവിടെ തീരും ഞങ്ങൾ ആ. മലയിലേക്ക് ഓടികയറി. അവിടെ അനേകം ആളുകൾ വന്ന് തുടങ്ങിയിരുന്നു. അതിൽ അത്രയും വലിയ ജനാവലിയെ കണ്ട് ഞാൻ അത്ഭുതപ്പെട്ടു. ജെറുസലേം ദേവാലയത്തിൽ ആളുകൾ വരുന്നതു പോലെയാണ് അവിടെ ജനങ്ങൾ ഉണ്ടായിരുന്നത്. അല്ലെങ്കിലും അത്ഭുതമെന്നും മാന്ത്രികനെന്നും കേൾക്കുമ്പോൾ തന്നെ ഓടിക്കുടുക എന്നത് മനുഷ്യവാസനയാണ്. ഇത്രയും പേർക്കിടയിൽ നമ്മൾ എങ്ങനെയാണ് അദ്ദേഹത്തെ കാണുന്നത്? അതിനു പകരം ഇത്രയും ജനങ്ങൾക്ക് അപ്പം കൊടുത്താൽ മുന്നുറ് ദനാറ ഒപ്പിക്കാമായിരുന്നു, ഞാൻ ആകുലനായി.

“നഥാനിയേൽ, നീ നമ്മൾ വന്ന ലക്ഷ്യം മറന്നുപോയി. നമ്മൾ വന്നത് അപ്പം വിറ്റ് പണം വാങ്ങിക്കാനല്ല. നമ്മുടെ എഫ്രായിമിനെ തിരികെ കിട്ടാനാണ്. നമ്മുടെ അപ്പത്തിന് രുചികൂട്ട് തേടിയാണ്. ഞാൻ അവനെ ഒരു ഞെട്ടലോടെ നോക്കി, എന്നെക്കാളും, ലക്ഷ്യബോധം അവനുണ്ട്. ശരിയാണ് ഞാൻ ചെറിയ ലക്ഷ്യത്തിൽ, തട്ടി വീണിരിക്കുന്നു. പെട്ടന്ന് എല്ലാവരിലും ഒരനക്കം അദ്ദേഹം അനുയായികളോടൊപ്പം കയറി വരുകയാണ്. അവരിൽ സ്ത്രീകളും ഉണ്ടായിരുന്നത് എന്നെ അതിശയിപ്പിച്ചു. ഞാൻ ആ മനുഷ്യന്റെ മുഖത്തേക്ക് നോക്കി. ഒരു മാന്ത്രികന്റെ ചേലയൊന്നും അദ്ദേഹത്തിനില്ലെകിലും എന്തോ ഒരു വശ്യതയും പ്രകാശവും ആ മുഖത്തുണ്ടായിരുന്നു. പെട്ടന്ന് ആരോ എന്റെ തോളിൽ തട്ടി ചോദിച്ചു. ഈ അപ്പവും മീനും ഞങ്ങൾക്ക് തരുമോ? ഇല്ല

www.malankaralibrary.com



ഇത് അദ്ദേഹത്തിനുള്ളതാണ്. ഞാൻ ആ പ്രത്യാശയുടെ കണികയെ ചുണ്ടി പറഞ്ഞു. അവർ ചിരിച്ച് കൊണ്ട് മറുപടി പറഞ്ഞു. ഞാൻ അന്ത്രയോസ്, അദ്ദേഹത്തിന്റെ ശിഷ്യനാണ്. എനിക്ക് തന്നാൽ മതി. ഞാൻ കൊടുത്തോളാം.അദ്ദേഹത്തിന്റെ അടുത്ത് നിന്നയാളുമട കൈയിൽ പണകിഴി ഉണ്ടായിരുന്നു. ഇല്ല. ഇത് അദ്ദേഹത്തിന് മാത്രം ഉള്ളതാണ്. ഞാൻ സ്വന്തമായി കൊടുത്തോളാം. എന്റെ സ്വരത്തിന്റെ ദൃഢത അവരെ അതിശയിച്ചു. അവർ ഒന്നും പറയാതെ പോയി.

എന്തോ അദ്ദേഹത്തെ കണ്ടപ്പോൾതന്നെ എന്നിൽ ഒരു പ്രത്യാശ ഉടലെടുത്തിരുന്നു.അദ്ദേഹം സംസാരിക്കാനാരംഭിച്ചപ്പോൾ ഇടയന്റെ ശബ്ദം കേട്ട് ഓടിയടുക്കുന്ന ആടുകളെ പോലെ ജനങ്ങൾ അദ്ദേഹത്തെ ശ്രദ്ധിച്ചു, അദ്ദേഹത്തിന്റെ മൊഴികളിലൊക്കെ അനുകമ്പയും കരുണയും നിറഞ്ഞ് നിന്നിരുന്നു. അദ്ദേഹം തന്റെ അബ്ബയെക്കുറിച്ചാണ് പഠിപ്പിച്ചത്. അദ്ദേഹം സ്നേഹമാണെന്നും അതിനാലാണ് താൻ അയക്കപ്പെട്ടതും എന്നൊക്കെ പറഞ്ഞിരുന്നു. "അദ്ദേഹം പറയുന്നതൊക്കെ വാസ്തവമാണ്. അദ്ദേഹം സ്നേഹത്തിന്റെ പ്രവാചകസ്വരം മാത്രമല്ല ആത്മാവിന്റെയും

www.malankaralibrary.com

ശരീത്തിന്റെ രക്ഷകൻ കൂടിയാണു സ്ത്രീ എന്റെ മുഖത്തേക്ക് നോക്കി പറഞ്ഞു.

നിങ്ങൾ ആരാണ് അദ്ദേഹം നിങ്ങളെ എങ്ങനെയാണ് സഹായിച്ചത്?

"അദ്ദേഹം എന്നിൽ ശുദ്ധസ്നേഹത്തിന്റെ രൂചിക്കൂട്ട് നിറച്ചു, ഇതുവരെ ആരും തരാത്ത ശുദ്ധസ്നേഹത്താൽ എന്റെ ആതമാവിന്റെയും ശരീരത്തിന്റെയും ദാഹം തീർക്കുന്ന ജലം തന്നു. ഇപ്പോൾ എന്റെ ശരീരം ദാഹിക്കുന്നില്ല: ഞാൻ മനാസ്സയെ നോക്കി ഞങ്ങളുടെ രണ്ടു പേരുടെയും മുഖത്ത് പ്രത്യാശ തിളങ്ങിയിരുന്നു. ശരിയാണ് വാക്കുകൾക്ക് രൂചി പകരുന്ന എന്തോ അദ്ദേഹത്തിൽ ഉണ്ട്, സമയം പോയത് ഞങ്ങൾ അറിഞ്ഞതേയില്ല. പെട്ടന്ന് അദ്ദേഹം ആളുകളെ കൂട്ടം കൂട്ടമായി ഇരുത്താനാരംഭിച്ചു. ഞങ്ങളോട് നേരത്തെ ഭക്ഷണം ചോദിച്ച ആ മനുഷ്യൻ അദ്ദഹത്തിന്റെയടുത്ത് ചെന്ന് എന്തോ പറഞ്ഞതും, കൃത്യമായി അദ്ദേഹം എന്നെ ആ വശ്യമായ കരുണയുടെ കണ്ണുകൾ കൊണ്ട് തിരഞ്ഞുപിടിച്ചു. അദ്ദേഹം പതിയെ നടന്ന് എന്റെയടുത്തേക്ക് വന്നു. അദ്ദേഹത്തിന്റെ മുഖത്ത് ആനന്ദം നിറഞ്ഞൊരു പുഞ്ചിരിയുണ്ടായിരുന്നു.

നിന്റെ കൈയുള്ള ഈ അഞ്ച് അപ്പവും മീനും എനിക്ക് തരാമോ?' അദ്ദേഹത്തിന്റെ ആ, ചോദ്യം കൊണ്ട് തന്നെ എന്റെ എഫ്രായിം എന്നിലേക്ക് തിരിച്ചു വരുന്നത് ഞാനറിഞ്ഞു, അദ്ദേഹം ആ അപ്പം മേടിച്ച് സ്വർഗ്ഗത്തിലേക്കുയർത്തി കണ്ണുകളടച്ചു ശേഷം വിഭജിച്ച് നൽകാനാരംഭിച്ചു. അത്ആളുകൾ വിഭജിച്ചിടും തീരുന്നില്ല! അത് കഴിക്കുന്നവർ ആനന്ദത്തൽ തൃപ്തിയടയുന്നു! ഞാനതിൽ ഒന്ന് എടുത്തു കഴിച്ചു ശരിയാണ് ഇപ്പോൾ ഇതിന് ഒരു പ്രത്യേക. രൂചി, 'സ്നേഹത്തിന്റെ രുചി'. ഞാൻ അദ്ദേഹത്തിന്റെ വസ്ത്രത്തിൽ പിടിച്ചുവലിച്ചു. ചെവി ചായ്ക്കാൻ ആംഗ്യം കാണിച്ച് ചെവിയിൽ ചോദിച്ചു. ഇതിന്റെ രുചിക്കൂട്ട് എന്താണെന്ന് എന്നോട് പറയു. 'ഇതെന്റെ ശരീരമാണ്.' അദ്ദേഹം എന്റെ ചെവിയിൽ പറഞ്ഞു. ഞാൻ അത്ഭുതപെട്ട് നിന്നു എനിക്കൊരു കാര്യം പറയാനുണ്ട്, ഞാൻ വീണ്ടും പറഞ്ഞു, 'പേടിക്കണ്ട നിന്റെ എഫ്രായിമിനെ നിനക്ക് തിരിച്ചുകിട്ടും': ഞാൻ ഞെട്ടിപ്പോയി, പറയാതെ തന്നെ എന്റെ മനസ്സ്

www.malankaralibrary.com

അദ്ദേഹം വായിച്ചു. ബാക്കി വന്ന അപ്പവും മീനും എന്റെ അബ്ബയുടെ കൈയിൽ കൊടുക്കാൻ അദ്ദേഹം ശിഷ്യന്മാരോട് പറഞ്ഞു.

ആളുകൾ പോകാൻ തുടങ്ങിയിരുന്നു, ഞാനും മനാസ്സെയും, അദ്ദേഹവും മാത്രമായപ്പോൾ ഞാൻ ചോദിച്ചു അങ്ങേയ്ക്കെങ്ങനെയാണ് ശരീരം അപ്പമായി നൽകാൻ കഴിയുന്നത്. 'ഒരമ്മ തന്റെ സനേഹത്താൽ കുഞ്ഞിന് മുലപ്പാൽ നല്കുമ്പോൾ, സന്തം ശരീരം തന്നെയല്ലെ നൽകുന്നത്? അതുപോലെ,' 'എന്റെ സ്നേഹമാണിത്'. അദ്ദേഹം എനിക്ക് മനസ്സിലാകുന്ന ഉദാഹരണം വെച്ചാണ് പറഞ്ഞത്. രണ്ട് ദിവസത്തിനുള്ളിൽ പണം കൊടുത്തില്ലെങ്കിൽ ആഷേർ എന്റെ എഫ്രായിമിനെ ബലിയർപ്പിക്കും, ഞാൻ ഒന്നുകൂടെ ആകുലച്ചെട്ട് പറഞ്ഞു. സമയം ഇരുട്ടാൻ തുടങ്ങിയത് കൊണ്ട് അദ്ദേഹം ഞങ്ങളെ മലയുടെ താഴ്വരയിലേക്ക് കൈ പിടിച്ച് നടത്തികൊണ്ട് പറഞ്ഞു. ഇല്ല. നിന്റെ ആഷേർ തിരിച്ചു വരും, നാളെ നീ അബ്ബയെ കൂട്ടി അയാളെ കാണണം. പണം തിരിച്ച് കൊടുക്കണം. അദ്ദേഹം ആടിനെ ദൈവത്തിന് ബലിയർപ്പിക്കാൻ നേർന്നുവെന്ന് പറഞ്ഞാൽ നീ പറയണം.

'ലോകത്തിന്റെ പാപം നിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശു പറയുന്നു'. നിസ്സഹായനിൽ നിന്നപഹരിച്ചവയല്ല ദൈവത്തിന് ബലിയർപ്പിക്കേണ്ടത്, ഞാനാണ് ബരലിയർപ്പിക്കപെടേണ്ട കുഞ്ഞാട്. നിനക്ക് വേണ്ടി ഞാൻ ബലിയർപ്പിച്ചു കൊളളാം. നിന്റെ പാപങ്ങൾ ഞാൻ ക്ഷമിച്ചിരിക്കുന്നു. നീയും അവന് മാപ്പ് കൊടുക്കണം അപ്പോൾ അവൻ എഫ്രായിമിനെ വിട്ട് തരും 'അങ്ങ് വരാനിരിക്കുന്ന രക്ഷനാണോ? 'മനാസ്സെ ആ കണ്ണുകളിലേക്ക് നോക്കി ചോദിച്ചു. അദ്ദേഹം ഞങ്ങളെ പൊക്കിയെടുത്ത് ആകാശങ്ങളിലേക്കുയർത്തി പറഞ്ഞു, 'അബ്ബാ അങ്ങ് ഇത് ശിശുകൾക്കും കൂട്ടികൾക്കും വെളിപെടുത്തിയതിനാൽ ഞാനങ്ങയെ സ്തുതിക്കുന്നു അദ്ദേഹം അബ്ബാ എന്ന് സ്വർഗത്തിലേക്ക് വിളിച്ചത് ഞാൻ ശ്രദ്ധിച്ചു.

അതെന്നെ സന്തോഷിപ്പിച്ചു. ഞാനദ്ദേഹത്തെ നോക്കി ചോദിച്ചു, ഞങ്ങൾ അങ്ങേയ്ക്കായി എന്താണ് ചെയേണ്ടത്? അബ്ബ ഇനി ചുടുന്ന

www.malankaralibrary.com

അപ്പങ്ങൾക്കുള്ള രുചിക്കൂട്ട് എന്താണ് ? 'ഇതാ ഞാൻ നിങ്ങളെ സ്വർഗത്തിലേക്ക് എടുത്തുയർത്തി ആശീർവദിച്ചിരിക്കുന്നു, എന്റെ സ്നേഹത്തിന്റ രുചിക്കൂട്ട് ഭക്ഷിക്കുന്നവരിൽ ഞാനുണ്ടാകും, കാരണം അത് ഞാൻ തന്നെയാണ്. ഇനി നിങ്ങൾ തന്നെ നിങ്ങളെ മറ്റുള്ളവർക്കായി വിഭജിച്ച് നൽകുവിൻ,' ഈ പാലസ്തീനായുടെ തെരുവോരങ്ങളിൽ കുഞ്ഞാടുകൾക്ക് പകരം കുഞ്ഞുങ്ങളെ ബലി കൊടുക്കുന്ന കിരാതന്മാർ വരും. അപ്പോൾ സ്നേഹം തണുത്തുറഞ്ഞ് പോയവർക്ക്, സ്നേഹരുചിക്കൂട്ടിന്റെ ചൂട് പകരണം. ഞങ്ങൾ അപ്പോഴേക്കും മലയുടെ താഴെ എത്തിയിരുന്നു. അദ്ദേഹം പറഞ്ഞതൊക്കെ ഒരാഹ്വാനമായിട്ടാണ് ഞങ്ങൾക്ക് തോന്നിയത്. എന്തൊക്കെയാണ് അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി ചെയ്യേണ്ടത്, രുചികെട്ടുപോയ എല്ലാം ജീവിതങ്ങൾക്കും സ്നേഹത്തിന്റെ രൂചി പകരണം, തന്നെ തന്നെ മറ്റുള്ളവർക്കായി പങ്കുവെച്ച് കൊടുകണം. അദ്ദേഹം ചെയ്തതെല്ലാം അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി ചെയ്യണം, അപ്പോൾ നമ്മൾ വിളമ്പുന്നതിനെല്ലാം ആ സ്വർഗീയ രുചി ലഭിക്കും. ഞാൻ മനാസ്സയെ പിരിഞ്ഞ് അബ്ബയുടെ അടുത്തത് നടക്കുമ്പോൾ ആളുകൾ പറയുന്നത് കേട്ടു. "യോവാക്കിമിന്റെ അപ്പത്തിന് എന്തൊരു സ്വാദാണ്." അബ്ബയെയല്ല, എല്ലാവരുടെയും ജീവിഹത്തിന് സ്വാദ് പകരുന്ന അദ്ദേഹത്തിന്റെ, അദ്ദേഹത്തിന്റെ സ്വർഗ്ഗീയ അബ്ബയുടെ രൂചിക്കൂട്ടാണ് ഓർമ്മിക്കപെടേണ്ടത്, ഞാൻ അദ്ദേഹത്തിന്റെ ഒർമ്മകൾ, പോകുന്നിടത്തെല്ലാം വീതിച്ച് നൽകാൻ തീരുമാനിച്ച് നടന്നു.

*

www.malankaralibrary.com

കവിത

അമ്പിളി പീറ്റർ
സെന്റ് ജോസഫ് ഗേൾസ് ഹൈസക്കൂൾ, മുവാറ്റുപുഴ

മരീചിക

പനിനീർച്ചെടിയിലിതളിടും മുകുളങ്ങൾ
വിടർത്തും പുഞ്ചിരി നനുത്ത ഹിമ കണം പോൽ
സുഗന്ധമായ് കളകളം ഒഴുകുന്ന പുഴയായ്
അമ്മ മാറിലലിയുന്ന സ്നേഹമായ് കരുതലായ്..
മുകുളങ്ങൾ വിരിയുന്ന മാത്ര തൻ സൗന്ദര്യം
നുകരുന്ന നിമിഷമതെത്രയോ ധന്യമാം
ഉൾതുടിപ്പേറും താതൻ തൻ നെഞ്ചകം
അവർണനീയമി ജനനിതൻ ഉൾത്താരും
പറന്നുപോവും നിമിഷങ്ങൾ കാതങ്ങൾ വർഷങ്ങൾ
മുകുളങ്ങൾ സുമങ്ങളായ് പരിലസിക്കും ചുറ്റിലും
ആഹ്ലാദാരവമറിയുന്ന മനവും
ഒപ്പം തുടിക്കുന്നു സോദരഹൃദയവും..
ശൈശവ ബാല്യം മാറിമറയുന്നു
കൗമാര സുഗന്ധം പടികടന്നെത്തുന്നു
സത്യമോ മിഥ്യയോ ഏതെന്നറിയാതെ
അപ്പൂപ്പൻ താടി കണക്കെ പറക്കുന്നു.
ജീവിതനൗക തൻ സുന്ദരകാലവും
ജീവിതപാതകൾ ഇടറുന്ന കാലവും
യൗവന കാന്തിയിൽ മതി മറന്നുലയുന്നോ...

www.malankaralibrary.com

സോദര സ്നേഹവും അമ്മമാറിൻ കരുതലും..
മരുഭൂമിയിൽ തെളിയുമാ തെളിനീർ കണക്കെ
രജനിതൻ കാന്തിയിൽ കൺചിമ്മും താരകം പോൽ
പ്രണയമാം മരീചികയിൽ കാൽ തെന്നിവീഴുന്നോ
എരിയും മെഴുകുപോൽ ഉരുകിയൊടുങ്ങുന്നോ...
കാഴ്ചകൾ കേൾവികൾ ചിന്തകൾ ചെയ്തികൾ
മാറിമറിയുന്നൊരീയസുലഭ വേളയിൽ
പ്രണയമാം ലഹരിയിൽ മഷിത്തണ്ടായ് മാറുന്നു
യൗവനം മാനസം വാടിക്കരിയുന്നു.
വെൺമയേറും കാഴ്ചയും ശാന്തമാം കേൾവിയും
പ്രകാശിക്കും ചിന്തയും കുളിർമയേറും ചെയ്തിയും
ഏകുവാൻ പ്രാപ്തമാകുമീ യൗവനം
അറിവുകൾ മാറണം തിരിച്ചറിവായി തീരണം.
നേരിന്റെ പാതയും നന്മതൻ വെളിച്ചവും
പളുങ്കുപോൽ തിളങ്ങിടും യൗവന വീഥിയിൽ
ദിശ മാറിയെത്തിയെന്നറിയുന്ന വേളയിൽ
കുസുമങ്ങൾ പതിയെ തിരികെ ചരിക്കുന്നു.
സ്നേഹവും കരുതലും നേടുന്ന മാത്രയിൽ
മുകുളങ്ങൾ പുഞ്ചിരി വിതറുന്ന സൗമ്യമായ്.
നട്ടു നനയ്ക്കാം... താങ്ങായ് നിന്നിടാം...
ഒപ്പം ചരിച്ചിടാം പാതയൊരിക്കിടാം..

www.malankaralibrary.com

LOGOS QUIZ

കെസിബിസി ബൈബിൾ കമ്മീഷൻ

ലോഗോസ് ക്വിസ് – മാതൃകാ ചോദ്യങ്ങൾ

(ന്യായാ 11:21, പ്രഭാ 41:50, ലൂക്കാ 17:24, എഫേ 1:6)

1. മോവാബുരാജാവായ സിപ്പോറിന്റെ പുത്രന്റെ പേരെന്ത്?
   ബാലാക്ക് (ന്യായാ 11:25)

2. എഫ്രായിമിൽനിന്ന് ഒരഭയാർഥി എപ്പോഴെങ്കിലും ഓടിപ്പോകുമ്പോൾ, അക്കരെയ്ക്ക് പൊയ്ക്കൊള്ളട്ടെയെന്ന് ചോദിച്ചാൽ അവനോട് ഗിലയാദുകാർ ചോദിക്കുന്നതെന്ത്?
   നീ ഒരു എഫ്രായിംകാരനോ (ന്യായാ 12:5)

3. നീ ഒരു എഫ്രായിംകാരനോ എന്ന ചോദ്യത്തിന് അല്ല എന്ന് അഭയാർഥി ഉത്തരം പറഞ്ഞാൽ അവനോട് ഉച്ചരിക്കാൻ പറയുന്ന വാക്കേതായിരുന്നു?
   ഷിബ്ബോലത്ത് (ന്യായാ 12:6)

4. മനോവ എന്ന ആൾ താമസിച്ചിരുന്നതെവിടെ?
   സോറായിൽ (ന്യായാ 13:2)

5. എത്ര ദിവസമായിട്ടും കടംകഥയുടെ പൊരുൾ അവർക്കു പിടികിട്ടിയില്ല എന്നാണ് ന്യായാ.14:14-ൽ കാണുന്നത്?
   മൂന്നു ദിവസമായിട്ടും (ന്യായാ 14:14)

www.malankaralibrary.com

6. സാംസന്റെ ഭാര്യയെയും അവളുടെ പിതാവിനെയും അഗ്നിക്കിര യാക്കിയത് ആര്?
ഫിലിസ്ത്യർ (ന്യായാ 15:7)

7. മിക്കാ എന്ന ആൾ ജീവിച്ചിരുന്നതെവിടെ?
എഫ്രായിംമലനാട്ടിൽ (ന്യായാ 17:1)

8. ദാൻ ഗോത്രക്കാർ ദേശം ഒറ്റുനോക്കുന്നതിന് അയച്ച അഞ്ചുപേർ യാത്രാമധ്യേ എവിടെയാണ് താമസിച്ചത്?
മിക്കായുടെ വീട്ടിൽ (ന്യായാ 18:2)

9. യൂദായിലെ ബേത്ലെഹെമിൽനിന്ന് പുറപ്പെട്ട് ലേവ്യനും അവന്റെ ഉപനാരിയും വേലക്കാരനും ഏതു പട്ടണത്തിന്റെ എതിർഭാഗത്താ ണെത്തിച്ചേർന്നത്?
ജബൂസിന് – ജറുസലെമിന് – (ന്യായാ 19:10)

10. ദാൻമുതൽ ബേർഷെബ വരെയുള്ള ഇസ്രായേൽജനം മുഴുവനും ഗിലയാദുദേശക്കാരും ഏക മനസ്സോടെ കർത്താവിന്റെ മുമ്പിൽ ഒരുമിച്ചുകൂടിയതെവിടെ?
മിസ്പായിൽ (ന്യായാ 20:1)

11. ബഞ്ചമിൻ ഗോത്രക്കാരോടുയുദ്ധം ചെയ്യാൻ തങ്ങളിൽ ആരാണ് ആദ്യം പോകേണ്ടതെന്ന് ഇസ്രായേൽജനം ദൈവത്തോട് ആരാ ഞ്ഞത് എവിടെവച്ചാണ്?
ബഥേലിൽ വച്ച് (ന്യായാ 20:18)

12. ഇസ്രായേലിൽ ഒരു ഗോത്രം മൺമറഞ്ഞു പോകാതിരിക്കാൻ ബഞ്ചമിൻഗോത്രത്തിൽ അവശേഷിച്ചിരുന്നവർക്ക് ഒരു അവകാ ശം വേണമല്ലോ. ആരാണ് ഇങ്ങനെ പറഞ്ഞത് ?
സമൂഹത്തിലെ ശ്രേഷ്ഠന്മാർ (ന്യായാ 21:16.17)

www.malankaralibrary.com

13. ആരാണ് ശാപത്തിൽനിന്നു നാശത്തിലേക്കു പോകുന്നത് ?
ദൈവഭയമില്ലാത്തവൻ (പ്രഭാ 41 : 10)

14. പിതാവിന്റെ നിദ്ര അപഹരിച്ചുകളയുന്നതെന്ത്?
മകളെക്കുറിച്ചുള്ള വിചാരം (പ്രഭാ 42 : 9)

15. എല്ലാസൃഷ്ടികളിലും നിറഞ്ഞിരിക്കുന്നതെന്ത്?
കർത്താവിന്റെ മഹത്വം (പ്രഭാ 42 : 16)

16. പരിശുദ്ധന്റെ കൽപനയാൽ യഥാസ്ഥാനം നിലകൊള്ളുന്നതെന്ത്?
നക്ഷത്രങ്ങൾ (പ്രഭാ 43 : 10)

17. എല്ലാറ്റിനെയും അതിവേഗം സുഖപ്പെടുത്തുന്നതെന്ത്?
മൂടൽമഞ്ഞ് (പ്രഭാ 43 : 22)

18. പരീക്ഷിക്കപ്പെട്ടപ്പോൾ വിശ്വസ്തത തെളിയിച്ചതാര്?
അബ്രാഹം (പ്രഭാ 44 : 19.20)

19. കർത്താവ് മോശയെ മഹത്വത്തിൽ ആർക്ക് സമനാക്കി?
ദൈവദൂതന്മാർക്ക് (പ്രഭാ 45 : 2)

20. കർത്താവ് നിത്യമായ ഉടമ്പടി ചെയ്യുകയും ജനത്തിന്റെ പൗരോഹിത്യം നൽകുകയും ചെയ്തതാർക്ക്?
അഹറോന് (പ്രഭാ 45 :6.7)

21. എന്തിനോടാണ് ദാവീദ് ചെമ്മരിയാട്ടിൻകുട്ടികളോടുകൂടെ എന്നപോലെ കളിയാടിയത്?
കരടികളോട് (പ്രഭാ 47 :3)

22. ഗായകസംഘം ദൈവത്തിന്റെ വിശുദ്ധനാമത്തെ സ്തുതിച്ചപ്പോൾ അവരുടെ സ്തുതിഗീതങ്ങളാൽ ഉദയത്തിനു മുമ്പുതന്നെ മുഖരിതമായത് എന്ത്? **വിശുദ്ധസ്ഥലം (പ്രഭാ 47 :10)**

www.malankaralibrary.com

23. ജീവിച്ചിരുന്നപ്പോഴെന്നപോലെ മരണശേഷവും അദ്ഭുതങ്ങൾ പ്രവർത്തിച്ച പ്രവാചകൻ?
എലീഷാ (പ്രഭാ 48 :12.14)

24. ഭൂമിയിൽനിന്നു സംവഹിക്കപ്പെട്ടു എന്നു പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ച് ?
ഹെനോക്കിനെക്കുറിച്ച് (പ്രഭാ 49 :14)

25. ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ എന്ന് യേശുവിനോടു പ്രാർത്ഥിച്ചത് ആര്? **അപ്പസ്തോലന്മാർ (ലൂക്കാ 17:5)**

26. ലോത്ത് സോദോമിൽനിന്ന് ഓടിപ്പോയ ദിവസം സ്വർഗ്ഗത്തിൽ നിന്നു തീയും ഗന്ധകവും പെയ്ത് അവരെയെല്ലാം നശിപ്പിച്ചു. ആര് വെളിപ്പെടുന്ന ദിവസത്തിലാണ് ഇപ്രകാരംതന്നെ ഇനിയും സംഭവിക്കുന്നത്? **മനുഷ്യപുത്രൻ (ലൂക്കാ 17:30)**

27. യേശു കൈകൾവച്ച് അനുഗ്രഹിക്കേണ്ടതിന് അവർ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത് ആരെയായിരുന്നു?
ശിശുക്കളെ (ലൂക്കാ 18:15)

28. മൂന്നാമത്തെ പീഡാനുഭവപ്രവചനത്തിൽ യേശു എത്രാം ദിവസം ഉയിർത്തെഴുന്നേൽക്കും എന്നാണ് യേശു പ്രവചിച്ചത്?
മൂന്നാം ദിവസം (ലൂക്കാ 18:33)

29. ജറീക്കോയിൽവച്ച് യേശുവിനെ സ്വന്തം ഭവനത്തിൽ സ്വീകരിച്ച ധനികനാര്? **സക്കേവൂസ് (ലൂക്കാ 19:6)**

30. തന്റെ ഭവനത്തിൽ വന്ന യേശുവിനോട് സക്കേവൂസ് എന്തുമാത്രം താൻ ദരിദ്രർക്ക് കൊടുക്കുന്നു എന്നാണ് പറഞ്ഞത്?
സ്വത്തിൽ പകുതി (ലൂക്കാ 19:8)

www.malankaralibrary.com

31. പത്ത് നാണയത്തിന്റെ ഉപമയിൽ മൂന്നാമത്തെ ഭൃത്യനോട് താൻ നൽകിയ പണം ആരെ ഏല്പിക്കാമായിരുന്നില്ലേ എന്നാണ് പ്രഭു ചോദിച്ചത്?
പണമിടപാടുകാരെ (ലൂക്കാ 19:23)

32. ഉള്ളതുപോലും ആരിൽനിന്നെടുക്കപ്പെടും എന്നാണ് യേശു പഠിപ്പിക്കുന്നത്?
ഇല്ലാത്തവനിൽനിന്ന് (ലൂക്കാ 19.26)

33. മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ ഭൃത്യരെ കൃഷിക്കാരുടെ അടുത്തേക്ക് അയച്ചത് എപ്പോഴാണ്? **സമയമായപ്പോൾ (ലൂക്കാ 20:10)**

34. മുന്തിരിത്തോട്ടത്തിന്റെയും കൃഷിക്കാരുടെയും ഉപമ ശ്രവിച്ച പ്രധാന പുരോഹിതന്മാരും നിയമജ്ഞരും യേശുവിനെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചുവെങ്കിലും അവർ ആരെയാണ് ഭയപ്പെട്ടത്?
ജനങ്ങളെ (ലൂക്കാ 20:19)

35. ഒരാളുടെ വിവാഹിതനായ സഹോദരൻ സന്താനമില്ലാതെ മരിച്ചാൽ അവൻ ആ സഹോദരന്റെ വിധവയെ സ്വീകരിച്ച് അവനു വേണ്ടി സന്താനത്തെ ഉൽപാദിപ്പിക്കണമെന്ന് കല്പിച്ചിട്ടുള്ളത് ആര്?
മോശ (ലൂക്കാ 20:28)

36. അവർക്ക് കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും എന്ന് യേശു പറയുന്നത് ആരെക്കുറിച്ച്?
നിയമജ്ഞരെക്കുറിച്ച് (ലൂക്കാ 20:46.47)

37. പെസഹാത്തിരുന്നാളിന്റെ മറ്റൊരു പേര്?
പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ (ലൂക്കാ 22:1)

www.malankaralibrary.com

38. സാത്താൻ ഗോതമ്പുമണിപോലെ പാറ്റാൻ ഉദ്യമിച്ച ഒരു ശിഷ്യനെപ്പറ്റി യേശു പ്രതിപാദിക്കുന്നുണ്ട്. ആ ശിഷ്യനാര്?
ശിമയോൻ (ലൂക്കാ 22:31)

39. പെസഹാ ഭക്ഷിച്ചശേഷം യേശു എവിടേക്കാണ് പോയത്?
ഒലിവുമലയിലേക്ക് (ലൂക്കാ 22:7.39)

40. ഗത്സെമനിയിൽ ബന്ധനസ്ഥനാക്കിയ യേശുവിനെ യഹൂദന്മാർ ആരുടെ വീട്ടിലേക്കാണ് കൊണ്ടുപോയത്?
പ്രധാനാചാര്യന്റെ വീട്ടിലേക്ക് (ലൂക്കാ 22:54)

41. യേശു ഗലീലിമുതൽ ഇവിടംവരെയും യൂദയായിലെങ്ങും പഠിപ്പിച്ചുകൊണ്ട് എന്തു ചെയ്യുന്നുവെന്നാണ് ജനക്കൂട്ടം പീലാത്തോസിനോട് പറഞ്ഞത്?
ജനത്തെ ഇളക്കിവിടുന്നു. (ലൂക്കാ 23:5)

42. ഹേറോദേസ് യേശുവിനെ പീലാത്തോസിന്റെ അടുത്തേക്ക് അയച്ചത് എന്തു ധരിപ്പിച്ചാണ്?
പകിട്ടേറിയ വസ്ത്രം ധരിപ്പിച്ച് (ലൂക്കാ 23:11)

43. കാൽവരിയിലേക്കുള്ള യാത്രയിൽ യേശുവിനെ കുരിശു ചുമന്ന് സഹായിച്ച ശിമയോൻ ഏതു നാട്ടുകാരനായിരുന്നു?
കിറേനേക്കാരൻ (ലൂക്കാ 23:26)

44. സഭ ആരുടെ ശരീരമാണ്?
ക്രിസ്തുവിന്റെ (എഫേ 1:22.23)

45. ജഡമോഹങ്ങളിൽ ജീവിച്ച നമ്മൾ മറ്റുള്ളവരെപ്പോലെ എന്തിന്റെ മക്കളായിത്തീർന്നു?
ക്രോധത്തിന്റെ (എഫേ 2:3)

www.malankaralibrary.com

46. ശരീരംകൊണ്ടു വിജാതീയരായിരുന്നവരെ, ശരീരത്തിൽ കൈകൊണ്ടു പരിഛേദനം ചെയ്യപ്പെട്ടവർ വിളിച്ചിരുന്നത് എപ്രകാരമാണ്?
അപരിച്ഛേദിതർ എന്ന് (എഫേ 2:11)

47. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറയുടെ മൂലക്കല്ല് ആര്?
യേശുക്രിസ്തു (എഫേ 2:20)

48. ആത്മാവിന്റെ ഐക്യം നിലനിർത്തേണ്ടത് എന്തിലാണ്?
സമാധാനത്തിന്റെ ബന്ധത്തിൽ (എഫേ 4:3)

49. നമുക്ക് ഉചിതമായിട്ടുള്ളത് എന്താണ്?
കൃതജ്ഞതാസ്തോത്രം (എഫേ 5:4)

50. തന്നെക്കുറിച്ച് എഫേസോസുകാർ അറിയുവാൻ ആഗ്രഹിക്കുന്നവ ആര് അവരെ അറിയിക്കുമെന്നാണ് പൗലോസ് പറയുന്നത്?
തിക്കിക്കോസ് (എഫേ 6:21)

ലോഗോസ് രൂപതാതല പരീക്ഷയ്ക്ക് ഈ ചോദ്യങ്ങൾ ഏറെ പ്രയോജനകരമാണ്

www.malankaralibrary.com

വി. ആർ. സുധീഷിനു പിഒസിയിൽ ആദരം



പാലാരിവട്ടം : എഴുത്തിന്റെ 50 വർഷങ്ങൾ പിന്നിടുന്ന എഴുത്തുകാരൻ വി.ആർ.സുധീഷിനെ കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ ആദരിച്ചു. പാലാരിവട്ടം പിഒസിയിൽ നടന്ന സമ്മേളനം കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു.

കമ്മീഷൻ സെക്രട്ടറി റവ. ഡോ. എബ്രാഹം ഇരിമ്പിനിക്കൽ, വി.സുരേഷ് കുമാർ, ജോർജ് ജോസഫ് കെ, മജീദ് സൈദ്, ഷിബു ചക്രവർത്തി, ഡോ. പി. ശാലിനി എന്നിവർ പ്രസംഗിച്ചു.

സാരഥിയുടെ രജത ജൂബിലി ആഘോഷിച്ചു

കൊച്ചി അന്തർദ്ദേശീയ വിമാനത്താവളം കേന്ദ്രീകരിച്ച് 2,000-ൽ കേരളത്തിലെ ടാക്സി-ഓട്ടോ ഡ്രൈവർമാരുടെയും അവരുടെ കുടുംബങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി ആരംഭിച്ച സാരഥിയുടെ രജിത ജൂബിലി ആഘോഷിച്ചു.

www.malankaralibrary.com



കെസിബിസിയുടെ ജെ.പി.ഡി കമ്മിഷൻ ചെയർമാൻ ജോസ് പുളിക്കൽ പിതാവ് ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പിഒസി സെക്രട്ടറിയായ റവ ഡോ. തോമസ് തറയിൽ അദ്ധ്യക്ഷത വഹിച്ചു. വിവിധ ജില്ലകളിലുള്ള സാരഥിയുടെ അംഗങ്ങളും, ആനിമേറ്റേഴ്സും യോഗത്തിൽ പങ്കുചേർന്നു. ഭാരതിയുടെ സ്ഥാപക പിതാക്കന്മാരായ റവ.ഫാ.വർഗീസ് കരിപ്പേരി, റവ. ഫാ.സെബാസ്റ്റ്യൻ തേയ്ക്കാനത്ത്, റവ.ഫാ. ഫ്രാൻസിസ് കൊടിയൻ, ജോസഫ് മക്കോളി എന്നിവരും സാരഥിയുടെ സംസ്ഥാന ഡയറക്ടറായ റവ.ഫാ. ടോം മഠത്തിൽക്കണ്ടത്തിൽ എം.എസ്.ജെയും, അസോസിയേറ്റ് ഡയറക്ടർ റവ.ഫാ സെബാസ്റ്റ്യൻ കോയിക്കര എം എസ് ജെയും, സാരഥിയുടെ സംസ്ഥാന സെക്രട്ടറിയായ സിസ്റ്റർ മോളി പുല്ലൻ എ എഫ് സി യും സന്നിഹിതരായിരുന്നു.

രക്ഷിതാക്കളും സമൂഹവും ജാഗരൂകരാകണം - മാർ ജോസഫ് കല്ലറങ്ങാട്ട്

കൊച്ചി: ലഹരിവസ്തുക്കളുടെ ഉപയോഗം കുടുംബങ്ങളുടെ കെട്ടുറപ്പിനെ ബാധിച്ചിരിക്കുകയാണെന്നും രക്ഷിതാക്കളും സമൂഹവും കൂടുതൽ ജാഗ്രത പാലിക്കേണ്ടതുണ്ടെന്നും പാലാ രൂപത അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. -പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന കെ സിബിസി പ്രോലൈഫ് ദിനാഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു

www.malankaralibrary.com



അദ്ദേഹം. ഗർഭപാത്രത്തിൽ വച്ച് കുഞ്ഞുങ്ങളെ നശിപ്പിക്കുന്ന പ്രവണതകൾക്കെതിരെയാണ് ആദ്യകാലങ്ങളിൽ പ്രോലൈഫ് പ്രവർത്തകർ പ്രതികരിച്ചിരുന്നതെങ്കിൽ ഇന്ന് ജീവനെ ഹനിക്കുന്ന തിന്മകളുടെ സ്വാധീനങ്ങൾക്കെതിരെയാണ് പ്രതികരിക്കേണ്ടി വരുന്നതെന്നതിനാൽ പ്രോലൈഫ് പ്രവർത്തകരുടെ ഉത്തരവാദിത്വം പതിന്മടങ്ങ് വർദ്ധിച്ചിരിക്കുകയാണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.

തുടർന്ന് സംസ്ഥാന പ്രസിഡണ്ട് ജോൺസൺ ചൂരേപ്പറമ്പിൽ പതാക ഉയർത്തി. 'സുരക്ഷയുള്ള ജീവൻ പ്രത്യാശയുള്ള കുടുംബം 'എന്ന ആപ്തവാക്യത്തെ മുൻനിർത്തി രാവിലെ 'ലഹരിയുടെ പ്രത്യാഘാതങ്ങളും പരിഹാരമാർഗ്ഗങ്ങളും 'എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. ദേവ് കപ്പുച്ചിനും, പ്രോലൈഫ് എന്ത്? എന്തിന്? എന്നതിനെക്കുറിച്ച് ആനിമേറ്റർ ശ്രീ ജോർജ് എഫ് സേവ്യറും ക്ലാസുകൾ നയിച്ചു. കെസിബിസി ഫാമിലി കമ്മീഷന്റെയും പ്രോലൈഫ് സമിതിയുടെയും ചെയർമാൻ ബിഷപ്പ് ഡോ. പോൾ ആൻറണി മുല്ലശ്ശേരി അദ്ധ്യക്ഷത വഹിച്ചു.വേദനകളുടെയും കിരാതമായ കൊലപാതകങ്ങളുടെയും കാലം അവസാനിപ്പിക്കുവാൻ ഒന്നായി പരിശ്രമിക്കണമെന്ന് ബിഷപ്പ് പറഞ്ഞു. കെസിബിസി പ്രോലൈഫ് സമിതി ഡയറക്ടർ റവ: ഫാ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ, പ്രസിഡൻറ് ജോൺസൺ ചൂരേപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടൻ, രൂപത ഡയറക്ടർ റവ: ഫാ. ജോസഫ് നരിതൂക്കിൽ സന്നിഹിതരായിരുന്നു.

www.malankaralibrary.com

സമീക്ഷകൻ

സഹനത്തിന്റെ അതിരുകൾക്കപ്പുറമുണ്ട് നവജീവന്റെ പുലരിക്കനൽവെട്ടം!

ഏതുകാലഘട്ടത്തിലായാലും മനുഷ്യരുടെ സഹനങ്ങൾക്ക് ദൈവപുത്രന്റെ പീഡാസഹനവുമായി കണ്ണീരടുപ്പമുണ്ട്. യേശുവിന്റെ ജീവിതം കുരിശിൽ അവസാനിച്ചില്ല. പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും വിവരണം സുവിശേഷങ്ങളിലുണ്ടെങ്കിലും ഉത്ഥാനത്തെക്കുറിച്ച് അങ്ങനെയൊരു വിശദ വിവരണമില്ല, ദൃക്സാക്ഷികളുമില്ല. വിശുദ്ധ മർക്കോസും (16:1-3) വിശുദ്ധ യോഹന്നാനും (20:1-10) ഉത്ഥാനശേഷമുള്ള വിവരസൂചനകൾ നൽകുന്നുണ്ടെന്നുമാത്രം, ഏ.ഡി. 56-ൽ, സുവിശേഷങ്ങൾ രചിക്കുന്നതിനുമുമ്പേ യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ചുള്ള വിശ്വാസബോധ്യങ്ങൾ വിശുദ്ധ പൗലോസ് കോറിന്തോസുകാർക്ക് എഴുതുന്നുണ്ട് (1 കോറി 15:3-4).

ഉത്ഥിതനായ യേശുവിന്റെ സാന്നിധ്യമാണ് യേശു ശിഷ്യർക്ക് ഒരു നവോത്ഥാനശക്തി പ്രദാനം ചെയ്തത്. പീഡനങ്ങൾക്ക് നടുവിലും ഞങ്ങളാണ് ദൈവജനമെന്നും, അഭിനവ ഇസ്രായേലെന്നും പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടായിരുന്നു ശിഷ്യർ പിൽക്കാലത്ത് പൊതുവേദികളിൽ പ്രത്യക്ഷപ്പെട്ടത്. "ദൈവം നമ്മോടുകൂടെ" എന്ന ജ്ഞാനോദയത്തിന്റെ പ്രകാശത്തിൽ, ദൈവത്തിന്റെ വിമോചന പ്രക്രിയയിൽ അവർ എല്ലാം മറന്ന് വ്യാപൃതരായി, വിശുദ്ധ പൗലോസാകട്ടെ "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം നിരർത്ഥകമാണെന്നും നിങ്ങളുടെ വിശ്വാസം വ്യർത്ഥമാണെന്നും" (1 കോറി. 15:14) പ്രഖ്യാപിച്ചു. തിരുവചനം സൃഷ്ടികളിൽ പൂർണ്ണവികാസം നേടുന്ന പ്രക്രിയ ഉത്ഥാനത്തിലൂടെ അനുഭവവേദ്യമാകുകയായിരുന്നു.

ഒരർത്ഥത്തിൽ ഈ ലോകത്തെ ക്രിയാത്മകമായി കാണാനുള്ള ജീവിതദർശനമാണ് ഓരോ ഉയിർപ്പുതിരുനാളും നൽകുന്നത്. നശീകരണത്തിന്റെ ഇരുൾക്കോലങ്ങൾ നമുക്ക് ചുറ്റിലുമുണ്ടാകാം. ജീവിതസന്ദർഭങ്ങളിലെല്ലാം ഓരോ ക്രൈസ്തവനും മുന്നോട്ട് പോകാനുള്ള ധീരതയാണ് ഈസ്റ്റർ ദിനാചരണം വഴി നാം സ്വായത്തമാക്കേണ്ടത്. സഭാപിതാവായ തെർത്തുല്യന്റെ വാക്കുകൾ ഇങ്ങനെ : "ജഡമേ, രക്തമേ, ഉറപ്പായി സമാധാനിക്കുക, മിശിഹായിലൂടെ നിങ്ങൾ സ്വർഗത്തിലും ദൈവരാജ്യത്തിലും ഇടം കണ്ടെത്തിയിരിക്കുന്നു." (CCL II 994)

- ആന്റണി ചടയംമുറി -

www.malankaralibrary.com

LOGOS QUIZ

Organized by

KERALA CATHOLIC BIBLE SOCIETY OF
KCBC BIBLE COMMISSION

JUBILEE LOGOS QUIZ 2025

25th

Subject

- Judges 11-21
- Sirach 41-50
- Luke 17-24
- Ephasesiuse 1-6

Bible to Follow

POC Bible
NRSV Catholic Edition

Diocesan Level
2025 September 28
2.00 p.m to 03.30 p.m

State Level
November 09

Mega Final
November 22-23

Prizes for the LOGOS PRATHIBA WINNERS

Our Sponsors

- Palackkal Thoma Malppan Memorial
- South Indian Bank, Vennala

Rules & Regulations

- Competitive Examinations in Malayalam, English Tamil and Kannada
- Attractive cash awards for state level contestants and category winners
- Gold medals, trophies, shields & KCBC certificates
- Telecast in **Goodness TV**
- Exams in **ABCDEF** categories
- Separate question paper to **A & B** categories in diocesan level exam
- Prizes to the dioceses and parishes for the largest number of participants

A Group	Born after 1-1-2014
B Group	Born between 01-01-2009 and 31-12-2013
C Group	Born between 01-01-1994 and 31-12-2008
D Group	Born between 01-01-1974 and 31-12-1993
E Group	Born between 01-01-1961 and 31-12-1973
F Group	Born before 31-12-1960

Registration from:
2025 June 1st to July 31st

State Level Competition
for Deaf and Dumb Contestants

LOGOS Family Quiz

For Registration and Information Contact Your Parishes

Organizers : Kerala Catholic Bible Society POC Palarivattom, Kochi - 682 025 www.keralabiblesociety.com

www.malankaralibrary.com

TALENT March 2025
Total Pages : 68 PRICE per copy : Rs. 15
RNI No. KER/MAL/29523/78

High Quality Printing with Divinity

DIVINE
PRINTERS & PUBLISHERS



HEIDELBERG - 4 COLOUR



WEB OFFSET

- Multicolour Offset Printing
- Web Offset Printing
- CTP Unit
- Skilled Workers



HEIDELBERG - CTP

DIVINE NAGAR, MURINGOOR, CHALAKUDY

9745027755
8547606815

ctpdivine@gmail.com
ctpdivine2017@gmail.com
dtpdivine@gmail.com

Printed and published by Fr. Thomas Tharayil for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Jolly Vadakken